VOL NO: 08 I ISSUE 02
2024 JANUARY 13 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

സമൂഹത്തിന് ഉപകാരപ്പെടുന്ന ഭാവി വാഗ്ദാനങ്ങളെ സൃഷ്ടിക്കാനുദ്ദേശിച്ചുള്ള ക്യാമ്പുകൾ ലിംഗശങ്കയുള്ള കുട്ടികളെ പടച്ചുവിടുന്നത് ഗൗരവകരമാണ്. പതിറ്റാണ്ടുകൾക്ക് മുമ്പേ ശാസ്ത്രലോകം തള്ളിക്കളഞ്ഞ കാര്യങ്ങൾപോലും ഉൾപ്പെടുത്തിയുള്ള മൊഡ്യൂളുകൾ യാഥാർഥ്യത്തോടും ശാസ്ത്രത്തോടുമുള്ള വെല്ലുവിളിയായേ മനസ്സിലാക്കാൻ പറ്റൂ.

## എൻ.എസ്.എസ് സഹവാസക്യാമ്പിലെ ‘സമദർശൻ’ ഒരു നവലിബറൽ ചതിക്കുഴി



### വിജ്ഞാനസമ്പാദനവും സ്രഷ്ടാവിന്റെ തൃപ്തിയും

|| പഠനമുറികൾ

|| ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ

|| മനുഷ്യത്വ വിരുദ്ധത ആഹ്വാനം ചെയ്യാൻ ഒരു വേദഗ്രന്ഥമോ?

ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ**
എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന
5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക
Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**
WISDOM BOOKS, E.K.P. Building, Calicut
www.wisdomislam.org publication@wisdomislam.org
0495 4019437 73567 66478



## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments
MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI
SCAN & PAY
BHIM SBI Pay
BHIM UPI

0364
# നേർപഥം
വാരിക

2024 ജനുവരി 13
1445 റജബ് 01
പുസ്തകം 08 / ലക്കം 02

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




10 കവർ സ്റ്റോറി

എൻ എസ് എസ് സഹവാസക്യാമ്പിലെ 'സമദർശൻ'
ഒരു നവലിബറൽ ചതിക്കുഴി



**മുജീബ് ഒട്ടുമ്മൽ**

സമൂഹത്തിന് ഉപകാരപ്പെടുന്ന ഭാവി വാഗ്ദാനങ്ങളെ സൃഷ്ടിക്കാനുദ്ദേശിച്ചുള്ള ക്യാമ്പുകൾ ലിംഗശങ്കയുള്ള കുട്ടികളെ പടച്ചുവിടുന്നത് ഗൗരവകരമാണ്. പതിറ്റാണ്ടുകൾക്ക് മുമ്പേ ശാസ്ത്രലോകം തള്ളിക്കളഞ്ഞ കാര്യങ്ങൾപോലും ഉൾപെടുത്തിയുള്ള മൊഡ്യൂളുകൾ യാഥാർഥ്യത്തോടും ശാസ്ത്രത്തോടുമുള്ള വെല്ലുവിളിയായേ മനസ്സിലാക്കാൻ പറ്റൂ.

**05** മുഖമൊഴി
വിജ്ഞാനസമ്പാദനവും സ്രഷ്ടാവിന്റെ തൃപ്തിയും

**06** ലേഖനം
മഹ്ദി മുൻതദ്വിറിനായി മണ്ണു പാകപ്പെടുത്തുന്നവർ
മുഹമ്മദ് ശബീബ് സ്വലാഹി

**17** കവിത
ഇതോ പുരോഗമനം?
ഹുസ്ന മലോറം

**18** ലേഖനം
പ്രപഞ്ചം
ഡോ. ഷാനവാസ്, ഫ്ലോറിഡ

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** ജാലകം
പഠനമുറികൾ
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**26** ലേഖനം
ക്രൂരതയും മനുഷ്യത്വ വിരുദ്ധതയും ആഹ്വാനം ചെയ്യാൻ ഒരു വേദഗ്രന്ഥമോ? -2
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**31** വിമർശനം
ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ
മൂസ സ്വലാഹി കാര

**34** ബാലപഥം
അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത
അർഷദ് അൽഹികമി, താനൂർ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# കുടുംബസംവിധാനം ഭദ്രമായാൽ 'ഹാപ്പിനെസ് സമൂഹം' യാഥാർഥ്യമാകും: വിസ്ഡം മലപ്പുറം വെസ്റ്റ് ജില്ല ഫാമിലി കോൺഫറൻസ്

കോട്ടക്കൽ: 'ഹാപ്പിനെസ് സമൂഹത്തെ' യാഥാർഥ്യമാക്കാൻ കുടുംബസംവിധാനം ഭദ്രമാക്കി, ബന്ധങ്ങളുടെ പവിത്രതയെക്കുറിച്ചുള്ള ബോധവും ഉത്തരവാദിത്തവുമുള്ള തലമുറയെ വളർത്തിയെടുക്കുകയാണ് വേണ്ടതെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം വെസ്റ്റ് ജില്ലാ സമിതി സംഘടിപ്പിച്ച ഫാമിലി കോൺഫറൻസ് അഭിപ്രായപ്പെട്ടു.

'ഹാപ്പിനെസ് കോർണർ,' 'ഉദ്യാനം,' 'തെരുവ്' എന്നിങ്ങനെ പേരിട്ട സംവിധാനങ്ങളിൽ, പ്രായാധിക്യത്താൽ ദുരിതമനുഭവിക്കുന്ന വയോജനങ്ങളെ തള്ളിയിട്ട് ഉത്തരവാദിത്തത്തിൽനിന്ന് ഒളിച്ചോടുന്ന പ്രവണതക്കെതിരെ ജാഗ്രത പുലർത്തണം. സംസ്ഥാനത്തെ ലഹരി പദാർഥങ്ങളുടെ വ്യാപകമായ വിപണി കേന്ദ്രമാക്കാൻ ഒത്താശ ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. സമൂഹത്തിൽ ലഹരിയുപയോഗത്തിനും ഉദാരലൈംഗികതയ്ക്കും ആശയപിന്തുണ നൽകുന്ന നവലിബറൽ സമീപനങ്ങൾക്കെതിരെ സമൂഹം ഉത്ബുദ്ധരാകണം. കുടുംബ സംവിധാനങ്ങളെ തകർക്കുന്ന ജെൻഡർ രാഷ്ട്രീയം വിദ്യാർഥികളിൽ അടിച്ചേൽപിക്കുന്നതിൽനിന്ന് അധികാരികൾ പിൻമാറണം. സ്വവർഗാനുരാഗത്തെയും കുടുംബശൈഥില്യങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന സാഹിത്യ-സിനിമ സംവിധാനങ്ങൾക്ക് സെൻസർ ബോർഡ് നിയന്ത്രണമേർപ്പെടുത്തണം.

ധാർമിക, സദാചാര മൂല്യങ്ങളെ പുതുതലമുറയിൽ വളർത്തിയെടുക്കുന്നതിലൂടെ ഉത്തമസമൂഹസൃഷ്ടി സാധ്യമാകുമെന്നും സക്രിയമായ യുവതക്ക് നിദാനമാകുമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. കോട്ടക്കൽ പുത്തൂരിൽ പ്രത്യേകം സജ്ജമാക്കിയ നഗരയിൽ നടന്ന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി അധ്യക്ഷനായി.

മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അബ്ദുറഹ്മാൻ രണ്ടത്താണി, കെ.പി നൗഷാദ് അലി, ശിവദാസൻ എ, വിസ്ഡം പണ്ഡിതസഭ സംസ്ഥാന പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ടി.കെ അശ്റഫ്, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി പ്രസംഗിച്ചു. വിവിധ മത്സരപരീക്ഷകളിൽ റാങ്ക് നേടിയവർക്കുള്ള ഉപഹാരം പി.എൻ അബ്ദുല്ലത്വീഫ് മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ അശ്റഫ് എന്നിവർ വിതരണം ചെയ്തു.

കോട്ടക്കൽ പുത്തൂർ ബൈപ്പാസിന് സമീപം അഞ്ചേക്കർ വയലിൽ സജ്ജീകരിച്ച സമ്മേളന നഗരിയിൽ കൗൺസിലിങ് സെന്റർ, പുസ്തക കോർണർ, കിഡ്സ് കോർണർ എന്നിവ സജ്ജീകരിച്ചിരുന്നു. സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കാനും യുവാക്കളുടെ കർമശേഷി സമൂഹനന്മക്കുവേണ്ടി ഉപയോഗപ്പെടുത്താനും വൈവിധ്യമാർന്ന പരിപാടികളോടെ വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിക്കുന്ന 'കേരള യൂത്ത് കോൺഫറൻസ്' ഫെബ്രുവരിയിൽ മലപ്പുറത്ത് നടക്കാനിരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഫാമിലി കോൺഫറൻസ് സംഘടിപ്പിച്ചത്. കോൺഫറൻസ് സ്ത്രീകളും കുട്ടികളും അടക്കമുള്ള വൻ ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായി.



# വിജ്ഞാനസമ്പാദനവും സ്രഷ്ടാവിന്റെ തൃപ്തിയും

മനുഷ്യന്റെ പാരത്രിക വിജയത്തിന് അല്ലാഹുവിന്റെ തൃപ്തി നേടൽ അനിവാര്യമാണ്. അത് ആശിച്ചുകൊണ്ട് അവന്ന് തൃപ്തിയുള്ളതെന്നറിയിച്ച നന്മകളെല്ലാം ജീവിതത്തിൽ പകർത്തുകയും അവന്റെ തൃപ്തി നഷ്ടപ്പെട്ടാലുള്ള സർവനാശവും നിത്യശിക്ഷയും ഭയന്നുകൊണ്ട്, അവന്ന് അതൃപ്തിയുള്ളതാണെന്നറിയിച്ച എല്ലാ തിന്മകളിൽ നിന്നും സുരക്ഷിതമായി അകന്നുനിൽക്കുകയും ചെയ്യുക എന്നതാണ് 'തക്‌വ' അഥവാ സൂക്ഷ്മത പാലിക്കൽ.

വിജ്ഞാനവും മനുഷ്യന്റെ പദവിക്കുള്ള അളവുകോലാണെന്ന് ക്വുർആൻ പറയുന്നതു കാണാം: "...നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 58:11).

"താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു (യഥാർഥ) ജ്ഞാനം നൽകുന്നു. ഏതൊരുവന്ന് (യഥാർഥ) ജ്ഞാനം നൽകപ്പെടുന്നുവോ അവന്ന് (അതുവഴി) അത്യധികമായ നേട്ടമാണ് നൽകപ്പെടുന്നത്..." (ക്വുർആൻ 2:269).

അതിനാൽ നാം എത്രകണ്ട് ജ്ഞാനം നേടണമെന്ന ചോദ്യം എത്രകണ്ട് തക്‌വയുള്ളവരാകണം എന്ന ചോദ്യത്തിനു സമമാണ്. സാധ്യമാകുന്നത്ര അറിവു നേടണം. സാധ്യമാകുന്നത്ര തക്‌വയുള്ളവരാകണം. അല്ലാഹു പറയുന്നു: "അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക..." (64:16).

ക്വുർആൻ 2:2ൽ അല്ലാഹുവിന്റെ തൃപ്തിക്കായി ചെലവഴിക്കുന്നതിനെ തക്‌വയുള്ളവരുടെ സ്വഭാവമായി പറയുന്നു. 2:177ൽ സന്മാർഗപ്രാപ്തിക്ക് വിശ്വാസകാര്യങ്ങൾ ഉൾക്കൊള്ളണമെന്നും ശേഷം അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗത്തിൽ ധനം ചെലവഴിക്കണമെന്നും പറയുന്നു. എന്നിട്ട് അല്ലാഹു പറയുന്നത് 'അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു തക്‌വയുള്ളവർ' എന്നാണ്. 3:192, 193 വചനങ്ങളും ചെലവഴിക്കലും തക്‌വയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്.

ഓരോ മുസ്‌ലിം സ്ത്രീയും പുരുഷനും കഴിവനുസരിച്ച് വിജ്ഞാനം കരസ്ഥമാക്കേണ്ടതുണ്ട്. അവനവന്റെ കഴിവനുസരിച്ചുള്ളതിനല്ലാതെ അല്ലാഹു നിർബന്ധിക്കില്ല (ക്വുർആൻ 2:286). വിജ്ഞാനവർധനവിനായി സദാ പ്രത്യാശിക്കുകയും പ്രയത്നിക്കുകയും പ്രാർഥിക്കുകയും വേണം: അല്ലാഹു പറയുന്നു: "...എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 20:114).

യാതൊരുവിധ ഉപകാരവുമില്ലാത്ത വഴികളിൽ സമയവും പണവും ചെലവഴിക്കുന്നവർ ഏറെയുണ്ട്. അൽപസമയം ക്വുർആൻ പഠിക്കുവാനോ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വാങ്ങുവാനോ വായിക്കുവാനോ പറഞ്ഞാൽ സമയക്കുറവും സാമ്പത്തിക പ്രയാസവുമായിരിക്കും അവർക്ക് പറയാനുണ്ടാവുക. മൊബൈലിൽ നെറ്റ് തീരുന്നത് ആലോചിക്കാൻ പോലും കഴിയില്ല. അതിന് കാശില്ലാത്ത പ്രശ്നവുമില്ല. എന്നാൽ ഫേസ് ബുക്കിലും വാട്സാപ്പിലും യുട്യൂബിലുമൊക്കെയായി ചെലവഴിക്കാൻ ഇഷ്ടംപോലെ സമയമുണ്ട് താനും! താൽപര്യമാണു പ്രധാനം. അതുണ്ടെങ്കിൽ ബാക്കിയെല്ലാം കൂടെവരും.

"അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽനിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?). എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ" (ക്വുർആൻ 39:22).

മുഹമ്മദ് ശബീബ് സ്വലാഹി
: 90372 35706

ഹിസ്ബുല്ലാഹ്; അകവും പുറവും 2

# മഹ്ദി മുൻതദ്വിറിനായി മണ്ണു പാകപ്പെടുത്തുന്നവർ

**ഇമാമിന്റെ നിർദേശങ്ങളും കൽപനകളുമാണ് വലിയ്യുൽ ഫക്വീഹ് നടപ്പിലാക്കുന്നതെന്നും അതിനാൽതന്നെ വലിയ്യുൽ ഫക്വീഹും അയാളുടെ പ്രതിനിധികളും ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കപ്പെടേണ്ടവരാണന്ന വിശ്വാസമാണ് വിലായത്തുൽ ഫക്വീഹ് വാദം. ഇറാൻ വിപ്ലവ നേതാവ് ഖുമൈനി തന്റെ പിഴച്ച ആശയങ്ങൾക്കും തോന്നിവാസങ്ങൾക്കും മുഴുവൻ മറപിടിച്ചത് വിലായത്തുൽ ഫക്വീഹ് എന്ന, താൻ പടച്ചുണ്ടാക്കിയ ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. അയാൾ വലിയ്യുൽ ഫക്വീഹായയാണ് സ്വയം ചമഞ്ഞതും ഇമാമി ശിയാക്കൾക്കിടയിൽ അറിയപ്പെടുന്നതും.**



‘ഇമാമിയ്യ’ ശിയാവിശ്വാസത്തെയാണ് ഹിസ്ബുല്ലാഹ് പ്രതിനിധാനം ചെയ്യുന്നതെന്ന് നാം മനസ്സിലാക്കി. അലി(റ) മുതൽ മഹ്ദി മുൻതദ്വിർ വരെയുള്ള 12 ഇമാമുമാരാണ് ഭരണത്തിനർഹർ എന്ന് അവർ വിശ്വസിച്ചുപോരുന്നു. അതിൽ 12ാമത്തെ ഇമാമായ മഹ്ദി മുൻതദ്വിർ ജീവിച്ചിരിക്കുന്നുവെന്നും അയാൾ ജനങ്ങളിൽനിന്നും മറഞ്ഞിരിക്കുകയാണന്നും അയാൾക്ക് തിരിച്ചുവരാൻ പാകത്തിന് മണ്ണൊരുക്കുകയാണ് ഇവർ ചെയ്യുന്നതെന്നുമാണ് ഇക്കൂട്ടർ ജൽപിക്കുന്നത്. അതിനാൽ മഹ്ദി മുൻതദ്വിർ വരുന്നതുവരെ അയാളുടെ പ്രതിനിധികളായായി ഇമാമിയ്യ നേതാക്കൻമാർ ഭരണം നടത്തിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ അവരിലെ ആത്മീയനേതാക്കൻമാർ ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കപ്പെടേണ്ടവരാണെന്നും അവർ പ്രവർത്തിക്കുന്നത് മഹ്ദി മുൻതദ്വിറിന്റെ കൽപന പ്രകാരമാണന്നും അവർ വിശ്വസിച്ചുവരുന്നു. 12ാമത്തെ ഇമാമിന്റെ അസാന്നിധ്യത്തിൽ വന്ന പ്രഥമ ആത്മീയ നേതാവായി, ‘അൽഫക്വീഹുൽ അവ്വൽ’ എന്ന പേരിൽ ഇറാൻ സ്വഫവി വിപ്ലവ നേതാവ് ഖുമൈനിയെ ഇവർ ആദരിച്ചുപോരുന്നു. ‘നാഇബുൽ മഹ്ദി’ (മഹ്ദിയുടെ പ്രതിപുരുഷൻ) എന്ന സ്ഥാനപ്പേര് നൽകപ്പെട്ടയാളാണ് ഖുമൈനി. ഇത്തരം ആളുകളെ സത്യവിശ്വാസികൾ സ്വദേഹത്തെക്കാൾ അടുത്ത ആളുകളായി കാണണം എന്നാണ് ഇവർ പഠിപ്പിക്കുന്നത്.

ഹിസ്ബുല്ലയുടെ ‘ആത്മീയ

പിതാവായ' മുഹമ്മദ് ഹുസൈൻ ഫദ്‌ലുല്ല പറയുന്നത് നോക്കൂ: "ഇമാം നബി(സ്വ)യുടെ പ്രതിപുരുഷനാണ്. പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹത്തെക്കാൾ അടുത്ത ആളായപോലെ ഇമാമുമാർ സത്യവിശ്വാസികൾക്ക് സ്വദേഹത്തെക്കാൾ അടുത്ത ആളുകളാണ്"(അൽ വിലായത്തുൽ ഫഖീഹ്, ഫദ്‌ലുല്ല, പേജ് 46).

ഖബ്റാരാധനയും വ്യക്തിപൂജയും വ്യഭിചാരവുമെല്ലാം അനുവദീയമാക്കുന്ന ഇവരുടെ ആത്മീയ നേതാക്കളെ നബിയെപ്പോലെ കാണണം എന്ന് പറയുന്നതിലൂടെ എത്രവലിയ ധിക്കാരവും നിഷേധവുമാണ് സമൂഹത്തെ ഇവർ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്! അല്ലാഹുവിൽ ശരണം!

ഹിസ്ബുല്ലയുടെ സെക്രട്ടറിയായ നഈം ഖാസിം പറയുന്നു: "പരിശുദ്ധ മതനിയമങ്ങളുടെ പ്രചാരകനാണ് പ്രവാചകൻ. അത് നടപ്പിലാക്കുന്നതിലും അതിന്റെ പരിധികൾ നിർണയിച്ച് അതിലേക്ക് സമുദായത്തെ നയിക്കുന്നതിലും അദ്ദേഹം വിശ്വസ്തനുമായിരുന്നു. അദ്ദേഹത്തിലൂടെ പ്രവാചകത്വ ബോധനം അവസാനിച്ചു. അദ്ദേഹത്തിനുശേഷം പ്രവാചകന്റെ അധ്യാപനങ്ങൾക്ക് വിശദീകരണവും വ്യാഖ്യാനങ്ങളും നൽകി അതിനനുസൃതമായി കാര്യങ്ങൾ നടപ്പിലാക്കാനായി അമീറുൽ മുഅ്മിനീൻ അലി(റ) യിൽ തുടങ്ങി മഹ്ദി മുൻതദ്വിറിൽ (അദ്ദഹത്തിന്റെ പുറപ്പാട് അല്ലാഹു എളുപ്പമാക്കട്ടെ) അവസാനിക്കുന്ന പാപസുരക്ഷിതരായ ഇമാമുമാർ കടന്നുവരും. പാപസുരക്ഷിതരായ ഇമാമുമാരുടെ അസാന്നിധ്യത്തിൽ സമുദായത്തിൽ രണ്ടു കാര്യങ്ങൾ ആവശ്യമായി വരും. ഒന്ന്, അവരോട് ആവശ്യപ്പെട്ടിട്ടുള്ള നിർബന്ധ ബാധ്യതകളുടെ അറിവ്. രണ്ട്, സമൂഹത്തിലെ സാധാരണക്കാരിലും (ആം) വിശ്വാസികളിലും (ഖാസ്സ്) മതനിയമം നടപ്പിലാക്കൽ" (ഹിസ്ബുല്ലാഹ്: അൽമൻഹജുത്തജ്‌രിബത്തുൽ മുസ്തക്ബിൽ, പേജ് 80).

### വിലായത്തുൽ ഫഖീഹ് വാദവും ഹിസ്ബുല്ലയും

ഹിസ്ബുല്ലാഹ് പിറവിയെടുത്ത നാൾ മുതൽ അവലംബിച്ചുപോരുന്ന മറ്റൊരു പിഴച്ച ആശയമാണ് വിലായത്തുൽ ഫഖീഹ് വാദം. രാഷ്ട്രം ഇമാമിന്റെ നിയന്ത്രണത്തിലാവണമെന്നും പരമാധികാരി ഇമാമാണെന്നും നിലവിൽ ഇമാമില്ലാത്തതിനാൽ ആ സ്ഥാനം കൈകാര്യം ചെയ്യേണ്ടത് വലിയ്യുൽ ഫഖീഹാണന്നുമാണ് സ്വഫവി സന്തതികളുടെ വിശ്വാസം. ഇമാമിന്റെ നിർദേശങ്ങളും കൽപനകളുമാണ് വലിയ്യുൽ ഫഖീഹ് നടപ്പിലാക്കുന്നതെന്നും അതിനാൽതന്നെ വലിയ്യുൽ ഫഖീഹും അയാളുടെ പ്രതിനിധികളും ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കപ്പെടേണ്ടവരാണന്ന വിശ്വാസമാണ് വിലായത്തുൽ ഫഖീഹ് വാദം. ഇറാൻ വിപ്ലവ നേതാവ് ഖുമൈനി തന്റെ പിഴച്ച ആശയങ്ങൾക്കും തോന്നിവാസങ്ങൾക്കും മുഴുവൻ മറപിടിച്ചത് വിലായത്തുൽ ഫഖീഹ് എന്ന, താൻ പടച്ചുണ്ടാക്കിയ ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. അയാൾ വലിയ്യുൽ ഫഖീഹായാണ് സ്വയം ചമഞ്ഞതും ഇമാമി ശിയാക്കൾക്കിടയിൽ അറിയപ്പെടുന്നതും.

ഹിസ്ബുല്ലാഹ് നേതാവ് ഹസൻ ഹമാദ പറയുന്നു: "ഇമാം ഖുമൈനിയുടെ ധാരയും 'വിലായത്തുൽ ഫഖീഹ്' വീക്ഷണവും ഒരു നാണയത്തിന്റെ ഇരുപുറങ്ങളാണ്. ഈ വീക്ഷണത്തിന്റെ ഒരു ഫലമാണ് ലുബ്നാനിലെ ഹിസ്ബുല്ലയുടെ നിലനിൽപ്"



(ഹിസ്ബുല്ലാഹ്, ഹക്വാഇക്വു വ അബ്ആദ്, ഫുദൈൽ, പേജ് 53).

മുഹമ്മദ് ഹുസൈൻ നസ്റുല്ല പറയുന്നത് ഇപ്രകാരമാണ്: "ഇമാമിന്റെ പ്രതിപുരുഷൻ എന്ന നിലക്ക് മതപരമായ കാര്യങ്ങളിൽ നൽകപ്പെടുന്ന അഭിപ്രായങ്ങളാണ് ഫക്വീഹിന്റെ അഭിപ്രായങ്ങൾ (റഅ്യുൽ ഫക്വീഹ്). ഇമാം നബി(സ്വ)യുടെ പ്രതിപുരുഷനാണ്. പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹത്തെക്കാൾ അടുത്തായ ആളായതുപോലെ ഇമാമുമാർ സത്യവിശ്വാസികൾക്ക് സ്വദേഹത്തെക്കാൾ അടുത്തആളുകളാണ്. നീതിമാനായ ഫക്വീഹ് സത്യവിശ്വാസികൾക്ക് സ്വദേഹത്തെക്കാൾ അടുത്ത ആളാണ്"(വിലായത്തുൽ ഫക്വീഹ്, ഫദ്ലുല്ലാഹ്, പേജ് 24).

നിലവിലെ ഹിസ്ബുല്ലയുടെ ജനറൽ സെക്രട്ടറി ഹസൻ നസ്റുല്ല 1992ലെ തന്റെ സെക്രട്ടറി സ്ഥാനാരോഹണ പ്രസംഗത്തിൽ പറയുന്നത് ഇപ്രകാരമാണ്: "നമ്മുടെ തീരുമാനങ്ങളിലും സഹനത്തിലും ധർമസമരത്തിലുമെല്ലാം നമ്മുടെ നായകനും നേതാവും എന്നെന്നും മാതൃകയുമായിട്ടുള്ളതും വലിയ്യുൽ അംറായിട്ടുള്ള ആയത്തുല്ലാ ഖുമൈനിയാണ്. ഈ കാലഘട്ടം അഹങ്കാരികൾക്കെതിരിൽ ദുർബലൻമാർക്ക് സഹായം നൽകപ്പെടുന്ന കാലഘട്ടമാണ്. ഇത് മഹാഗുരു ഖുമൈനിയുടെ കാലമാണ്. അത് നിഷേധികളും ദുർമൂർത്തികളും വെറുത്താലും ശരി" (ഹാകദാ തകല്ലമ നസ്റുല്ലാഹ്, ബസ്സി, പേജ് 69,70).

ഇറാനിലെ സുന്നി ഭൂരിപക്ഷ പ്രദേശത്ത് സുന്നി വംശഹത്യ ചെയ്തും ക്രൂരതകൾ അഴിച്ചുവിട്ടും ശിയാ കോമരങ്ങൾ ഉറഞ്ഞുതുള്ളിയതും, ആധുനിക ഇസ്‌ലാമിക അറബ് ലോകത്ത് യഥാർഥ മുസ്‌ലിംകളെ കൊന്നൊടുക്കാൻ ആവശ്യമായ അജണ്ടകൾ ഇത്തരക്കാർ മെനഞ്ഞെടുക്കുന്നതും വിലായത്തുൽ ഫക്വീഹ് എന്ന ഈ പൈശാചിക വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ ജീവിക്കുന്ന നേർചിത്രങ്ങളാണ് ഇന്നത്തെ ഇറാനും സിറിയയും ലുബ്നാനും ഫലസ്ത്വീനുമെല്ലാം എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

### തക്വിയ്യത്ത് വിശ്വാസവും ഹിസ്ബുല്ലയും

ശിയാക്കൾ വെച്ചുപുലർത്തുന്ന മറ്റൊരു പിഴച്ച വിശ്വാസമാണിത്. മനസ്സിലുള്ള വിശ്വാസത്തെ മറച്ചുവെച്ച് അതിനെതിരിൽ പ്രവർത്തിക്കലാണ് തക്വിയ്യത്തിന്റെ അടിസ്ഥാനം. ഇത്തരം പിഴച്ച വാദങ്ങൾ സ്ഥാപിച്ചെടുക്കാനായി നബി(സ്വ) യുടെ പേരിൽ പോലും കളവുകൾ ഇവർ പടച്ചുവിട്ടു. ഒരു കള്ളക്കഥ കാണുക: "കപടവിശ്വാസികളുടെ തലവനായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരണപ്പെട്ടപ്പോൾ നബി അയാൾക്കുവേണ്ടി ജനാസ നമസ്കാരം നിർവഹിച്ചു. ഇത് കണ്ട ഉമർ ചോദിച്ചു: 'അല്ലാഹു താങ്കളോട് വിലക്കിയ കാര്യമല്ലേ ഈ കപടനു വേണ്ടി ജനാസ നമസ്കാരം നിർവഹിക്കൽ?' നബി(സ്വ) മറുപടി പറഞ്ഞു: 'നിനക്കു നാശം! ഞാൻ പ്രാർഥിച്ചതായ കാര്യത്തെക്കുറിച്ച് നിനക്കെന്തറിയാം? അല്ലാഹുവേ, അവന്റെയുള്ളിൽ നീ തീ നിറക്കണേ, അവന്റെ ക്വബ്റിൽ നീ തീ നിറക്കണേ, അവനെ നീ നരകത്തിൽ എത്തിക്കണേ" (ഫുറൂഉൽ കാഫി, കിതാബുൽ ജനാഇസ്, പേജ് 188).

തങ്ങളുടെ കാപട്യത്തിന് കുടപിടിക്കാനായി ഇക്കൂട്ടർ നബി(സ്വ) യുടെ പേരിൽ ഇതിലും വലിയ കളവുകൾ പറയുക തന്നെ പറയും.

കുലൈനി ഉദ്ധരിക്കുന്നത് കാണുക: "അബു അബ്ദുല്ലാഹ് പറഞ്ഞു: 'മതത്തിന്റെ



ഇറാനിലെ സുന്നി ഭൂരിപക്ഷ പ്രദേശത്ത് സുന്നി വംശഹത്യ ചെയ്തും ക്രൂരതകൾ അഴിച്ചുവിട്ടും ശിയാ കോമരങ്ങൾ ഉറഞ്ഞുതുള്ളിയതും, ആധുനിക ഇസ്‌ലാമിക അറബ് ലോകത്ത് യഥാർഥ മുസ്‌ലിംകളെ കൊന്നൊടുക്കാൻ ആവശ്യമായ അജണ്ടകൾ ഇത്തരക്കാർ മെനഞ്ഞെടുക്കുന്നതും വിലായത്തുൽ ഫഖീഹ് എന്ന ഈ പൈശാചിക വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ ജീവിക്കുന്ന നേർചിത്രങ്ങളാണ് ഇന്നത്തെ ഇറാനും സിറിയയും ലുബ്‌നാനും ഫലസ്തീനുമെല്ലാം എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പത്തിൽ ഒമ്പതും സ്ഥാപിതമായിട്ടുള്ളത് തക്വിയ്യത്തിലാണ്. തക്വിയ്യത്തില്ലാത്തവന് മതമില്ല. കാലുറയിൽ തടവുക, വീഞ്ഞ് എന്നിവയല്ലാത്ത മുഴുവൻ കാര്യങ്ങളിലും തക്വിയ്യത്ത് ഉണ്ട്.''

കുലൈനി വീണ്ടും അബൂ അബ്ദുല്ലയിൽനിന്നും ഉദ്ധരിക്കുന്നു: "നിങ്ങൾ നിങ്ങളുടെ മതത്തെ സൂക്ഷിക്കുക, തക്വിയ്യത്ത് കൊണ്ട് അതിനെ നിങ്ങൾ മറച്ചുപിടിക്കുക. തീർച്ചയായും തക്വിയ്യത്തില്ലാത്തവന് മതമില്ല'' (ഉസ്വൂലുൽ കാഫി 482,483).

തക്വിയ്യത്തിന്റെ ഭാഗമായി അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുന്നത് പോലും അനുവദനീയമാണെന്നാണ് ഇവരുടെ പണ്ഡിതൻമാർ പഠിപ്പിക്കാറുള്ളത്. തങ്ങളുടെ നിലനിൽപിനായി വിശ്വാസം മനസ്സിലൊതുക്കി, ആ വിശ്വാസത്തിന് വിരുദ്ധമായ വാക്കുകളിലും പ്രവൃത്തികളിലും ഏർപ്പെടുകയും തങ്ങളുടെ ആളുകളുടെ കൂടെയാകുമ്പോൾ തന്റെ വിശ്വാസത്തിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്നത് നിർബന്ധമാണന്ന് വാദിക്കുന്ന ഇവരെക്കാൾ കപടൻമാരീ ലോകത്ത് മറ്റാരാണുള്ളത്?

അല്ലാഹു കപടൻമാരെക്കുറിച്ച് പറഞ്ഞത് നോക്കൂ: "വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു. എന്നാൽ അല്ലാഹുവാകട്ടെ, അവരെ പരിഹസിക്കുകയും അതിക്രമങ്ങളിൽ വിഹരിക്കുവാൻ അവരെ അയച്ചു വിട്ടിരിക്കുകയുമാകുന്നു. സന്മാർഗം വിറ്റ് പകരം ദുർമാർഗം വാങ്ങിയവരാകുന്നു അവർ. എന്നാൽ അവരുടെ കച്ചവടം ലാഭകരമാവുകയോ അവർ ലക്ഷ്യം പ്രാപിക്കുകയോ ചെയ്തില്ല'' (അൽബക്വറ 14-17).

തങ്ങളുടെ പിഴച്ച വാദത്തെ ന്യായീകരിച്ചുകൊണ്ട് ഹസൻ നസ്റുല്ല പറയുന്നത് നോക്കൂ: "ശിയാക്കൾക്കെതിരെയുള്ള രാഷ്ട്രീയ അടിച്ചമർത്തലുകൾ കാരണം പ്രത്യേക രാഷ്ട്രീയ കാലഘട്ടങ്ങളിൽ അടിച്ചേൽപിക്കപ്പെട്ട ഒരു അനിവാര്യതയാണ് തക്വിയ്യ. അനീതി കാണിക്കുന്ന ഭരണാധികാരികളുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാൻ തക്വിയ്യയെ അവലംബിച്ചിട്ടുണ്ട്. അതിജീവന തന്ത്രമായി ഹിസ്ബുല്ല നേതാക്കളെ രാഷ്ട്രീയത്തിൽ തക്വിയ്യ പ്രയോഗിക്കാൻ പ്രേരിപ്പിച്ചതും 1984വരെ തക്വിയ്യയുടെ നിഴലിൽ പ്രവർത്തിച്ചതും ഇതുകാരണത്താലാണ്. മുസ്‌ലിംകൾക്കിടയിലെ കലഹങ്ങളും ഭിന്നതകളും ഒഴിവാക്കാനാണ് തക്വിയ്യ പിന്തുടരാനുള്ള രണ്ടാമത്തെ കാരണം'' (അസ്സഫീർ ദിനപത്രം, 4/6/2000).

നബി(സ്വ)യുടെ ജീവിതത്തിൽ വ്യത്യസ്തങ്ങളായ പരീക്ഷണഘട്ടങ്ങൾ കടന്നുപോയപ്പോളെല്ലാം അവിടുന്ന് അവലംബിച്ചത് 'തക്വ്‌വ'യായിരുന്നു, 'തക്വിയ്യ'യായിരുന്നില്ല. കാരണം വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞത് 'തക്വ്‌വ'ക്കാണ് ശുഭപര്യവസാനം' (ത്വാഹ 132) എന്നാണ്. വിശ്വാസ, രാഷ്ട്രീയ മേഖലകളിൽ സ്വഫവീ രാഷ്ട്രമായ ഇറാനെ പിന്തുണക്കുന്ന ഇക്കൂട്ടർ ചെയ്തുകൂട്ടുന്ന അക്രമങ്ങളെ മുൻ നിർത്തി ഇവർക്ക് നൽകാവുന്ന ഉചിതമായ നാമകരണം 'ഹിസ്ബുശ്ശൈത്വാൻ' അഥവാ 'പിശാചിന്റെ പാർട്ടി' എന്നാണ്.

മുജീബ് ഒട്ടുമ്മൽ
: 97444 31890

# എൻ എസ് എസ് സഹവാസക്യാമ്പിലെ 'സമദർശൻ'

## ഒരു നവലിബറൽ ചതിക്കുഴി

സമൂഹത്തിന് ഉപകാരപ്പെടുന്ന ഭാവി വാഗ്ദാനങ്ങളെ സൃഷ്ടിക്കാനുദ്ദേശിച്ചുള്ള ക്യാമ്പുകൾ ലിംഗശങ്കയുള്ള കുട്ടികളെ പടച്ചുവിടുന്നത് ഗൗരവകരമാണ്. പതിറ്റാണ്ടുകൾക്ക് മുമ്പേ ശാസ്ത്രലോകം തള്ളിക്കളഞ്ഞ കാര്യങ്ങൾപോലും ഉൾപെടുത്തിയുള്ള മൊഡ്യൂളുകൾ യാഥാർഥ്യത്തോടും ശാസ്ത്രത്തോടുമുള്ള വെല്ലുവിളിയായേ മനസ്സിലാക്കാൻ പറ്റൂ.

"സേവനത്തിലൂടെ വിദ്യാഭ്യാസം' എന്ന, മഹാത്മാ ഗാന്ധിയുടെ ആശയത്തിൽനിന്ന് പ്രചോദനം ഉൾകൊണ്ടാണ് 1969ൽ 'നാഷണൽ സർവീസ് സ്കീം' ആരംഭിച്ചത്. സന്നദ്ധ സാമൂഹിക സേവനത്തിലൂടെ വിദ്യാർഥി യുവതയുടെ വ്യക്തിത്വവും സ്വഭാവവും വികസിപ്പിക്കുകയെന്നതാണ് ഇതിന്റ പ്രാഥമിക ലക്ഷ്യം. സമൂഹത്തിന്റ ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് പരിഹാര പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുക, സാമൂഹികവും വ്യക്തിപരവുമായ ഉത്തരവാദിത്തബോധം വളർത്തിയെടുക്കുക, പ്രായോഗിക പരിഹാരങ്ങൾക്കായി അറിവ് ഉപയോഗപ്പെടുത്തുക, നേതൃത്വ ഗുണങ്ങളും ജനാധിപത്യ മൂല്യങ്ങളും നേടിയെടുക്കുക, അടിയന്തിര സാഹചര്യങ്ങളെയും പ്രകൃതി ദുരന്തങ്ങളെയും നേരിടാനുള്ള കഴിവ് പോഷിപ്പിക്കുക, ദേശീയോദ്ഗ്രഥനവും സാമൂഹിക സൗഹാർദവും വളർത്തിയെടുക്കുക

> മനസ്സു നന്നാവട്ടെ
> മതമേതെങ്കിലുമാകട്ടെ
> മാനവഹൃത്തിൻ ചില്ലയിലെല്ലാം
> മാൺപുകൾ വിടരട്ടെ
> സൗഹൃദ സിദ്ധികൾ പൂത്താൽ
> സൗവർണാഭ പരന്നാൽ
> സുരഭില ജീവിത മാധുരി വിശ്വം
> സമസ്തമരുളുകയല്ലോ
> സത്യം ലക്ഷ്യമതാവട്ടെ
> ധർമം പാതയതാകട്ടെ
> ഹൈന്ദവ, ക്രൈസ്തവ
> ഇസ്‌ലാമികളുടെ
> കൈകളിണങ്ങീടട്ടെ"



എന്നതും എൻഎസ് എസിന്റെ ലക്ഷ്യങ്ങളാണ്.

Not me But you (ഞാനല്ല, നിങ്ങളാണ്) എന്നതാണ് അതിന്റെ മുദ്രാവാക്യം. ഒരു എൻഎസ്എസ് വളണ്ടിയർ; പ്രഗത്ഭനായ ഒരു സാമൂഹിക നേതാവ്, കാര്യക്ഷമതയുള്ള ഒരു ഭരണാധികാരി, അപരനെ മനസ്സിലാക്കാൻ കഴിയുന്ന ഒരു വ്യക്തി എന്ന രീതിയിൽ ആയിത്തീരും എന്നാണ് ഇത് വിഭാവന ചെയ്തവർ പ്രതീക്ഷിക്കുന്നത്. എൻഎസ്എസിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് സപ്തദിന സഹവാസ ക്യാമ്പ്. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യം, സംസ്കാരത്തിന്റെ ചരിത്രം, രാജ്യത്തെ കുറിച്ചുള്ള അറിവിലൂടെ ദേശീയബോധം, സാമൂഹിക സേവനവും രാഷ്ട്ര നിർമാണ പ്രവർത്തനങ്ങളും എന്നിവയാണ് ഈ ക്യാമ്പിൽ വ്യത്യസ്ത സെഷനുകളിലായി വിദ്യാർഥികൾക്ക് പകർന്നു നൽകുന്നത്. പാലിയേറ്റീവ് പരിചരണം, ജലക്ഷാമം നേരിടുന്ന ഇടങ്ങളിൽ കുടിവെള്ള പദ്ധതി യാഥാർഥ്യമാക്കുക, തെരുവിൽ കഴിയുന്ന മനുഷ്യർക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുക, നശിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുക, പരിസര ശുചീകരണം, കൃഷി, റോഡ് നിയമ ബോധവൽകരണം, അപകട നിവാരണ പദ്ധതികൾ, ഉദ്യാന നിർമാണം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ ഉപകാരപ്രദമായ പ്രവർത്തനങ്ങൾകൊണ്ട് എൻഎസ്എസ് വിദ്യാർഥികൾ അത്ഭുതപ്പെടുത്താറുണ്ട്. എൻഎസ്എസ് ഗീതത്തിലെ അർഥവത്തായ വരികൾ പ്രധാനമായും സത്യം, ധർമം, സൗഹൃദം, സാഹോദര്യം, സേവനം തുടങ്ങിയ സദ്ഗുണങ്ങളെയാണ് പ്രകാശിപ്പിക്കുന്നത്.

### ‘സമദർശൻ’ എന്ന ചതിക്കുഴി

എൻഎസ്എസ് സപ്തദിന സഹവാസ ക്യാമ്പിലെ ഒരു പ്രത്യേക സെഷനാണ് സമദർശൻ. മേൽ സൂചിപ്പിച്ച എല്ലാ ക്രിയാത്മകമായ ചിന്തകൾക്കും പ്രായോഗികമായ പ്രവർത്തനങ്ങൾക്കും ഭിന്നമായി വികലമായ ജെൻഡർ നിഷ്പക്ഷ ആശയമാണ് സമദർശൻ മുന്നോട്ടുവയ്ക്കുന്നത്. ലിംഗസമത്വമാണ് ഇതിന്റെ പൊരുളായി പരിചയപ്പെടുത്തുന്നത്. ലിംഗനീതിയാണ് വേണ്ടതെന്ന സാമാന്യബോധം നൽകാൻ ചില അധ്യാപകരെങ്കിലും ശ്രമിക്കാറുണ്ട്. എന്നാൽ അധികവും ലിംഗത്വപരമായ വിഷയങ്ങളെ യാതൊരു സാമൂഹികബോധമോ ധാർമിക, സദാചാര ചിന്തകളോ സ്വാധീനിക്കാത്തവിധം അബദ്ധജഡിലമായ ആശയങ്ങളാണ് വിദ്യാർഥികൾക്ക് കൈമാറാറുള്ളത്. നവ ലിബറൽ ആശയങ്ങളുടെ സ്വാധീനമുള്ള അധ്യാപകരാണെങ്കിൽ കൗമാര ചാപല്യങ്ങളെ ചൂഷണം ചെയ്ത് അത്തരം വികാരങ്ങളിൽ കുട്ടികളെ തളച്ചിടുകയാണ് പതിവ്. അത്തരം സമദർശൻ ക്ലാസ്സിനുശേഷം വിദ്യാർഥികളുടെ സമീപനങ്ങളിലും പെരുമാറ്റങ്ങളിലും ലജ്ജയെന്ന സദ്ഗുണത്തെ പറിച്ചെറിഞ്ഞതായി

ബോധ്യപ്പെടും. ആൺ-പെൺ ദ്വന്ദം അംഗീകരിച്ചുകൊണ്ടുള്ള പരസ്പര ബഹുമാനവും എടുത്തെറിയപ്പെട്ടിരിക്കും. സ്ഥലകാലബോധം നഷ്ടപ്പെട്ടവരെപോലെ അധ്യാപകരുടെ പോലും സാന്നിധ്യത്തിലുള്ള ഇടപഴകലുകൾ നിയന്ത്രണഭേദ്യമായിരിക്കും. ഇരിപ്പിടങ്ങളിലും പ്രവർത്തനങ്ങളിലും ഇടകലർന്നിരിക്കും. പ്രോഗ്രാം ഓഫീസറുടെ താൽപര്യങ്ങൾക്കനുസരിച്ച് സമീപനങ്ങളിൽ വ്യത്യാസങ്ങളുണ്ടാകുമെന്ന് മാത്രം. അതിനുവേണ്ടി തയ്യാറാക്കിയ മൊഡ്യൂളുകൾ അത്തരം ആശയങ്ങൾ നിറഞ്ഞതായിരിക്കും.

വിദ്യാഭ്യാസം അതിന്റ ഉപകരണങ്ങളായ പാഠ്യപദ്ധതി, ബോധനരീതികൾ, പരീക്ഷാസമ്പ്രദായം എന്നിവയിലൂടെയും; അധ്യാപകർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമങ്ങൾ, ചിട്ടകൾ, അനുഷ്ഠാനവത്കരിക്കപ്പെട്ട കീഴ്‌വഴക്കങ്ങൾ എന്നിവയിലൂടെ അധികാരം കൈയാളുന്ന വിഭാഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളാകുന്നതുപോലെ സമദർശനും അതിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്നുണ്ട്. സമദർശനിലെ പുതിയ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ജെൻഡർ ആക്ടിവിസമാണെന്ന് പറയാതിരിക്കാനാകില്ല. പുതിയ പഠനങ്ങളെയും ശാസ്ത്രീയ കണ്ടെത്തലുകളെയും ധാർമിക സദാചാരബോധത്തെയും സാമൂഹിക നൈതികതയെയും ചരിത്രത്തെയും പൈതൃകത്തെയും ചവിട്ടിമെതിച്ചുകൊണ്ടാണ് മൊഡ്യൂളിൽ ആശയങ്ങൾ തിരുകിക്കയറ്റിയിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ ജെൻഡർ പൊളിറ്റിക്സ് ശക്തമായ പ്രതിഷേധത്തിനൊടുവിൽ ജനകീയ ചർച്ചക്ക് വിധേയമാക്കപ്പെടുകയുണ്ടായി. ലോകത്ത് നടന്ന വിവിധ പഠനങ്ങളുടെയും ശാസ്ത്രീയ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ശക്തമായ വൈജ്ഞാനിക പ്രതിരോധം തീർത്തപ്പോൾ അതിനു മുന്നിൽ ന്യായീകരിക്കുന്നവർക്ക് പോംവഴികളുണ്ടായിരുന്നില്ല. പടിഞ്ഞാറൻ നാടുകളിലെ സാംസ്കാരികച്യുതിയും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ ജെൻഡർ രാഷ്ട്രീയം വരുത്തിവച്ച വിനയും തെളിവുസഹിതം സമർഥിക്കപ്പെട്ടപ്പോൾ വിവരക്കേടിന്റ വാചാടോപങ്ങളിൽ അത്തരം ആളുകൾ അഭയം പ്രാപിക്കുകയായിരുന്നു. പിന്നീട് അധികാരത്തിന്റെയും ശക്തിയുടെയും ഭാഷയിൽ ഭീഷണിയുടെ ശബ്ദമായി ചിലയിടങ്ങളിൽ അലയടിച്ചു. ചാനൽ ചർച്ചകളിൽ കൂടുതൽ സമയവും ജെൻഡർ ആക്ടിവിസ്റ്റുകൾ കവർന്നെടുത്തും അവതാരകർ നിരുപാധിക പക്ഷം ചേർന്നും സത്യത്തെ തകർത്തെറിയാനുള്ള ശ്രമങ്ങളാണ് നടന്നത്.

> **സമദർശനിലെ പുതിയ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ജെൻഡർ ആക്ടിവിസമാണെന്ന് പറയാതിരിക്കാനാകില്ല. പുതിയ പഠനങ്ങളെയും ശാസ്ത്രീയ കണ്ടെത്തലുകളെയും ധാർമിക സദാചാരബോധത്തെയും സാമൂഹിക നൈതികതയെയും ചരിത്രത്തെയും പൈതൃകത്തെയും ചവിട്ടിമെതിച്ചുകൊണ്ടാണ് മൊഡ്യൂളിൽ ആശയങ്ങൾ തിരുകിക്കയറ്റിയിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ ജെൻഡർ പൊളിറ്റിക്സ് ശക്തമായ പ്രതിഷേധത്തിനൊടുവിൽ ജനകീയ ചർച്ചക്ക് വിധേയമാക്കപ്പെടുകയുണ്ടായി.**

പാഠ്യപദ്ധതിലെ ജെൻഡർ ന്യൂട്രാലിറ്റി, ജെൻഡർ സ്പെക്ട്രം, ജെൻഡർ ഈക്വാലിറ്റി പോലെയുള്ള പദങ്ങൾ അർഥമാക്കുന്നത് ഉദാരലൈംഗികതയിലേക്ക് കുട്ടികളെ നയിക്കലാണെന്ന് ബോധ്യപ്പെടുത്തിയപ്പോൾ ആ പദങ്ങൾ മാത്രം എടുത്തുമാറ്റുകയും ആശയങ്ങളെ അതേപോലെ നിലനിർത്തുകയും ചെയ്താണ് പാഠ്യപദ്ധതി പരിഷ്ക്കരിച്ചിറക്കിയത്. ജെൻഡർ പൊളിറ്റിക്സിൽനിന്ന് ഒരിക്കലും പിൻമാറ്റമില്ലെന്ന് സർക്കാർ വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കാൻ സമദർശന്റെ പുതിയ മൊഡ്യൂൾ പരിശോധിച്ചാൽ ബോധ്യമാകും.

## സമദർശനിലെ അപകടങ്ങൾ

ഈ വർഷം നടന്ന എൻഎസ്എസ് സപ്തദിന സഹവാസ ക്യാമ്പിലെ സമദർശൻ സെഷനിൽ

അവതരിപ്പിക്കാൻ തയ്യാറാക്കിയ മൊഡ്യൂൾ വിദ്യാർഥികൾക്ക് പകർന്നുനൽകുമ്പോൾ രണ്ടു കാര്യങ്ങളാണ് ലക്ഷ്യമാക്കിയിട്ടുള്ളതെന്നത് ഉറപ്പാണ്. അതിൽ ഒന്ന് സ്വവർഗരതിയെ സ്വാഭാവികവത്ക്കരിക്കുക എന്നതാണ്. 2018വരെ ഇന്ത്യൻ ഭരണഘടനയിൽ സ്വവർഗരതി ക്രിമിനൽ കുറ്റമായിരുന്നു.

ആയിരത്തി അഞ്ഞൂറോളം മൃഗജാതികളിൽ സ്വവർഗാനുരാഗം നിലനിൽക്കുന്നുണ്ടെന്നും അതിനാൽ അത് പ്രകൃതിപരമാണെന്നും അനുവദിക്കേണ്ടതാണെന്നും വാദിച്ചുകൊണ്ടുള്ള ജെൻഡർ പൊളിറ്റിക്സിന് വഴങ്ങി 377ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സുപ്രീംകോടതി സ്വവർഗാനുരാഗികൾക്ക് അനുകൂലമായി വിധിക്കുകയായിരുന്നു. എന്നാൽ പ്രസവിച്ചയുടനെ കുഞ്ഞുങ്ങളെ ഭക്ഷിക്കുന്ന ചിലതരം ജീവികളുടെ പ്രവർത്തനങ്ങൾ കണ്ട് നരഭോജനം പ്രകൃതിപരമെന്ന് വാദിച്ചാലുണ്ടാകുന്ന ഭവിഷത്തുകൾ നമുക്കറിയാവുന്നതാണ്. ഓരോ ജീവിക്കും അതിന്റെതായ രീതിയും പ്രകൃതിയും സ്വാഭാവികമാണ്. എന്നാൽ മറ്റു ജീവജാലങ്ങളിലെ പ്രവർത്തനങ്ങൾ മനുഷ്യർക്കും അനുകരിക്കാമെന്ന അസംബന്ധം പുരോഗമന ചിന്തകൾകൊണ്ട് മത്തുപിടിച്ചവർ



അനുഭവിക്കുന്ന ഒരു വികാരമാണ്. എന്നാലും സ്വവർഗാനുരാഗികൾക്കു വേണ്ടിയും അവരുടെ അവകാശങ്ങൾക്കു വേണ്ടിയും സംസാരിച്ചിരുന്ന സിമോൺ ലിവായ് അതിനെ നിരാകരിക്കുന്നുമുണ്ട്. അദ്ദേഹം എഴുതുന്നത് ‘സ്വവർഗലൈംഗികാഭിനിവേശം മൃഗങ്ങളിൽ തീരെ കാണപ്പെടുന്നില്ലെന്നതാണ് വാസ്തവം’ എന്നാണ്. സ്വവർഗാനുരാഗവും രതിയും ലോകത്ത് ഉണ്ടാക്കിയ മഹാവിപത്തുകൾ ഭീകരമാണ്. സ്വവർഗാനുരാഗികൾ മാരകമായ രോഗങ്ങൾക്ക് വിധേയമാകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്. അമേരിക്കയിലെ സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോളിന്റെ 2015ലെ കണക്കുകളനുസരിച്ച് അമേരിക്കയിലുള്ള പന്ത്രണ്ട് ലക്ഷം എയ്ഡ്സ് രോഗികളിൽ അമ്പത്തിയഞ്ച് ശതമാനവും സ്വവർഗാനുരാഗികളാണ്. 63 ശതമാനം പുരുഷൻമാർക്കും എയ്ഡ്സ് രോഗമുണ്ടായിട്ടുള്ളത് സ്വവർഗരതിയിലൂടെയാണന്നാണ് കണക്ക്. 2014ലെ കണക്കുകൾ പ്രകാരം 83 ശതമാനം സിഫിലിസ് രോഗികളും സ്വവർഗരതിക്കാരാണ്. ഗൊണോറിയ, ക്ലമിഡിയ, ഹ്യൂമൺ പാപ്പിലോമോ വൈറസ് എന്നിവയും ഇത്തരം ആളുകളിലാണ് ധാരാളമായി കാണപ്പെടുന്നത്. സ്വവർഗാനുരാഗികൾക്ക് ഗുദത്തിലും വൻകുടലിലും ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ഉണ്ടാവാനുള്ള കാരണം പ്രകൃതിവിരുദ്ധ ലൈംഗികാഭാസങ്ങളാണ്.

സ്വവർഗരതിയെ സ്വാഭാവിക രതിയായി സ്വീകരിച്ചിരുന്ന ഒരു ജനതയുടെ ചരിത്രം വിശുദ്ധ ക്വുർആൻ വിവരിച്ചുതരുന്നുണ്ട്. അങ്ങനെയുള്ള സമൂഹത്തെ ദൈവം ഭയാനകമായ ശിക്ഷയിറക്കി നശിപ്പിച്ചു കളഞ്ഞതായാണ് ചരിത്രം. ഭൂമിയെ കീഴ്മേൽ മറിച്ചും ഗന്ധകമഴ വർഷിച്ചും ആ നാടിനെത്തന്നെ അല്ലാഹു നശിപ്പിച്ചതായി ക്വുർആൻ പറയുന്നുണ്ട്. ഒരു ജീവിക്കും ജീവിക്കാനാകാത്ത, ജോർഡാനിലും ഫലസ്തീനിലുമായി പരന്നുകിടക്കുന്ന ചാവുകടൽ സ്വവർഗാനുരാഗികൾക്കുള്ള ഭയാനകമായ ശിക്ഷയിറങ്ങിയതിന്റ അവശേഷിപ്പാണ്. അല്ലാഹു പറയുന്നു: “നാം അവരുടെമേൽ ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക” (ക്വുർആൻ 7:84).

ഇത്രയും വലിയ വിപത്തുകളിലേക്ക് മാനവരാശിയെ നയിക്കുന്ന വലിയ തിന്മയെ സ്വാഭാവികവൽകരിക്കുകയും അത് വിദ്യാർഥികളിൽ അടിച്ചേൽപിക്കുകയും ചെയ്യുന്ന അധികാരി ദാർഷ്ട്യത്തെ ചെറുക്കാൻ മനുഷ്യത്വത്തെ പരിഗണിക്കുന്ന ഓരോ വ്യക്തിയും തയ്യാറാകണം. ധൈഷണികവും വൈജ്ഞാനികവുമായി ചെറുക്കുന്നതോടൊപ്പം ജെൻഡർ രാഷ്ട്രീയത്തിന്റെ ബ്ലാക് മെയിലിന് വിധേയമായി അവർക്ക് ഓശാനപാടുന്ന രാഷ്ട്രീയ പാർട്ടികളെയും നേതാക്കളെയും അധികാരി വർഗത്തെയും തിരിച്ചറിയാനും അവരെ തിരുത്താനും പ്രതിരോധിക്കാനും മനുഷ്യരെന്ന നിലയിൽ ചേർന്നു നിൽക്കണം’

സമദർശൻ മൊഡ്യൂളിലെ പാഠങ്ങളിൽ ദർശിക്കാവുന്ന രണ്ടാമത്തെ ലക്ഷ്യം ആൺ-പെൺ ദ്വന്ദത്തെ നിരാകരിക്കുന്ന, ലിംഗസ്വത്വത്തിൽ ആശയക്കുഴപ്പമുണ്ടാകുന്ന ഒരു സമൂഹത്തെ വാർത്തെടുക്കലാണ്. ലൈംഗിക ആകർഷണമെങ്ങനെയെന്ന് വിവരിക്കുന്ന ഭാഗങ്ങളിൽ ജെൻഡർ തിയറിയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. പുരുഷൻ-സ്ത്രീ എന്നീ സ്വത്വങ്ങൾ കേവലം ലൈംഗികാവയവങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടേണ്ടതല്ലെന്നും ഓരോരുത്തർക്കും തങ്ങൾ എന്തായാണോ തോന്നുന്നത് അതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ രംഗത്തുമുള്ള അവരുടെ സ്വത്വം നിർണയിക്കേണ്ടത് എന്നുമാണ് ഇതിന്റെ പ്രധാന ആശയം. ഒരാളുടെ ലിംഗം, ലിംഗത്വം, ലൈംഗികാവിഷ്കാരം, ലൈംഗികാഭിമുഖ്യം എന്നിവയൊന്നുംതന്നെ ഏതെങ്കിലും ഒരു അറക്കുള്ളിലാണെന്ന് കൃത്യമായി നിശ്ചയിക്കാൻ കഴിയില്ലെന്നും അവയിലെല്ലാമുള്ള വർണരാജികളെ അംഗീകരിച്ചാൽ മാത്രമെ ലൈംഗികാവകാശങ്ങൾ സംരക്ഷിക്കാൻ കഴിയൂവെന്നുമാണ് ഇവർ അവകാശപ്പെടുന്നത്. അതനുസരിച്ച് വ്യത്യസ്ത തരം ലൈംഗികാഭിമുഖ്യമുണ്ടാവുമെന്നും അവർ അവകാശപ്പെടുന്നു. ഇത്തരം നിരർഥകമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ വലിയ അപകടമാണ് സമൂഹത്തെ ബാധിക്കുക.

തങ്ങൾ ആണാണോ പെണ്ണാണോ എന്ന് സംശയിക്കുന്ന ഒരു തലമുറ വളർന്നുവരും. ഓരോരുത്തർക്കും തോന്നുന്ന വിധം രതിയിലേർപ്പെടാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ശബ്ദമുയരും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ക്രൂരവും നിരന്തരവുമായ ലൈംഗിക ആക്രമണങ്ങൾ വർധിക്കും. കാരണം, ശിശുരതി ജെൻഡർ സ്പെക്ട്രത്തിലെ ഒരിനമാണ്. നോർത്ത് അമേരിക്കയിൽ ബാലൻമാരുമായുള്ള ലൈംഗിക ബന്ധത്തിനുവേണ്ടി പരസ്യമായി വാദിക്കുന്നവരുണ്ടത്രെ! 'നോർത്ത് അമേരിക്കൻ മാൻ-ബോയ് ലവ് അസോസിയേഷൻ' എന്നാണത്രെ അവരുടെ കൂട്ടായ്മയുടെ പേര്. വ്യത്യസ്തങ്ങളായ ലൈംഗിക പ്രശ്നങ്ങളാൽ ജീവിതം മടുത്ത് ആത്മഹത്യയിൽ അഭയം തേടുന്ന കൗമാരക്കാർ മുതൽ വൃദ്ധർ വരെയുള്ളവരുടെ എണ്ണം വർധിക്കും. പ്രശ്ന കാലുഷ്യങ്ങളിൽനിന്നുള്ള മോചനം തേടി മയക്കുമരുന്നുകളിൽ അഭയം തേടുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടാകും. മനഃസംഘർഷം ഒരു സാംക്രമിക രോഗം പോലെ പടർന്നുപിടിക്കുന്ന സാമൂഹികാന്തരീക്ഷം രൂപപ്പെടും. ലിംഗമാറ്റത്തിനായി ക്യൂ നിൽക്കുന്ന കൗമാരക്കാർ



സമൂഹത്തിന്റ വേദനയാകും. ജനിച്ച ലിംഗത്തിലേക്കുതന്നെ തിരിച്ചുപോകാനായി ലിംഗമാറ്റം നടത്തിയ യുവാക്കളെക്കൊണ്ട് ആശുപത്രികൾ പൊറുതിമുട്ടും, ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ വേദനകൾ കടിച്ചമർത്തി ജീവിതം നയിക്കേണ്ട ഗതികേടിലേക്ക് യുവാക്കൾ എടുത്തെറിയപ്പെടും. ലൈംഗികാതിക്രമങ്ങളാൽ മൃഗങ്ങൾക്കുപോലും രക്ഷയില്ലാതെ ജീവിതം വീർപ്പുമുട്ടും. ഇങ്ങനെ വലിയ തോതിൽ സാമൂഹികവും കുടുംബപരവും വ്യക്തിപരവുമായി ജീവിതം അസഹനീയമാകുമെന്നതാണ് ഇതിന്റ ഫലം. എൻഎസ്എസ് സഹവാസ ക്യാമ്പിലെ മികവുറ്റ നമ്മുടെ വിദ്യാർഥികളുടെ മനസ്സുകളിലേക്ക് ഈ ജീർണതയെ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നതിനെ നിസ്സംഗതയോടെ നോക്കിനിൽക്കണോ എന്ന് രക്ഷിതാക്കളും സമൂഹവും ആലോചിക്കേണ്ടിയിരിക്കുന്നു.

**ശാസ്ത്രത്തെയും പരിഹസിക്കുന്നു!**

സമദർശൻ മൊഡ്യൂളിലെ മാനവിക വിരുദ്ധമായ ജെൻഡർ പൊളിറ്റിക്സിനെ ന്യായീകരിക്കാൻ ശാസ്ത്ര സ്ഖലിതങ്ങളെയും കൂട്ടുപിടിക്കുന്നതായി കാണാം. വിദ്യാർഥികളിൽ ഗവേഷണപാടവം വളർത്താനും വൈജ്ഞാനിക മേഖല വിപുലപ്പെടുത്താനും സാധിക്കുന്ന പ്രായോഗിക പദ്ധതികൾ അവതരിപ്പിക്കുന്നതിനു പകരം അസംബന്ധങ്ങളെ ന്യായീകരിക്കാനുള്ള ശ്രമമാണ് കാണുന്നത്. 1993ൽ സ്വവർഗാനുരാഗിയായ ഡോ. ഡീൻ എച്ച് ഹാമറും നാല് സഹപ്രവർത്തകരും ചേർന്ന് തയ്യാറാക്കി സയൻസ് മാഗസിനിൽ പ്രസിദ്ധീകരിച്ച പ്രബന്ധത്തിൽ ഇറ്റലിയിലെ 114 സ്വവർഗ പ്രണയികളുടെ കുടുംബങ്ങളെ പഠനവിധേയമാക്കി സ്വവർഗലൈംഗികതയ്ക്ക് ജനിതകാടിത്തറയുണ്ടെന്ന് വാദിക്കുന്നുണ്ട്. സമദർശൻ മൊഡ്യൂളിൽ ശാസ്ത്ര പിൻബലമെന്ന നിലയിൽ കാര്യമായി എടുത്തുകൊടുത്ത ഒരു നിഗമനമാണ് ഇത്. ഇതോടെ 'ഗേ ജീനി'നെ കണ്ടെത്തിയെന്ന പ്രചാരണം വ്യാപകമായി. ഇത് വസ്തുതാപരമല്ലെന്ന് സ്ഥാപിച്ചുകൊണ്ട് ഇതേ സയൻസ് മാഗസിനിൽ തന്നെ ആറു വർഷങ്ങൾക്കുശേഷം മറ്റൊരു പ്രബന്ധവും പ്രസിദ്ധീകരിച്ചിരിന്നു. വെസ്റ്റേൺ ഒന്റാറിയോ സർവകലാശാലയിലെ ജോർജ് റൈസും മൂന്ന് സഹപ്രവർത്തകരും കൂടി തയ്യാറാക്കിയ പ്രസ്തുത പഠന റിപ്പോർട്ട് മേൽ വാദത്തെ ശക്തമായി നിരാകരിക്കുന്നതാണ്. ശാസ്ത്രീയമായ അബദ്ധമാണ് ഗേ ജീൻ പരാമർശമെന്നത് ബോധ്യമായിട്ടും ഈ വാദം എടുത്തുയർത്തി എൽജിബിടി ആക്ടിവിസ്റ്റുകൾ നിലനിൽപ് തേടുകയാണ്. ഇത്തരം ഭീമാബദ്ധങ്ങളെ വളർന്നുവരുന്ന വിദ്യാർഥികളുടെ ഗവേഷണബുദ്ധിയിൽ വളർത്തിയെടുക്കാൻ ശ്രമിക്കുന്ന വിദ്യാഭ്യാസ ബോർഡ് വലിയ അപരാധമാണ് ചെയ്യുന്നതെന്നത് പറയാതിരിക്കാനാവില്ല.

> **സ്വവർഗരതിയെ സ്വാഭാവിക രതിയായി സ്വീകരിച്ചിരുന്ന ഒരു ജനതയുടെ ചരിത്രം വിശുദ്ധ ക്വുർആൻ വിവരിച്ചുതരുന്നുണ്ട്. അങ്ങനെയുള്ള സമൂഹത്തെ ദൈവം ഭയാനകമായ ശിക്ഷയിറക്കി നശിപ്പിച്ചു കളഞ്ഞതായാണ് ചരിത്രം. ഭൂമിയെ കീഴ്മേൽ മറിച്ചും ഗന്ധകമഴ വർഷിച്ചും ആ നാടിനെത്തന്നെ അല്ലാഹു നശിപ്പിച്ചതായി ക്വുർആൻ പറയുന്നുണ്ട്. ഒരു ജീവിക്കും ജീവിക്കാനാകാത്ത, ജോർദാനിലും ഫലസ്തീനിലുമായി പരന്നുകിടക്കുന്ന ചാവുകടൽ സ്വവർഗാനുരാഗികൾക്കുള്ള ഭയാനകമായ ശിക്ഷയിറങ്ങിയതിന്റെ അവശേഷിപ്പാണ്.**

അമേരിക്കൻ സൈക്യാട്രിസ്റ്റ്സ് അസോസ്സിയേഷൻ മാനസിക വ്യതിയാനങ്ങളെയും മനോരോഗങ്ങളെയും കുറിച്ച് അപഗ്രഥിക്കുന്ന ഡിഎസ്എം രേഖയിലെ മനോവൈകല്യങ്ങളുടെ പട്ടികയിൽനിന്ന് സ്വവർഗാനുരാഗം നീക്കം ചെയ്തത് മനോരോഗമല്ലാത്തതുകൊണ്ടാണ് എന്നാണ് മറ്റൊരു വാദമായി പറയുന്നത്. എന്നാൽ 1952ൽ പുറത്തിറങ്ങിയ ഡിഎസ്എം ഒന്നാം പതിപ്പിലും 1968ലെ രണ്ടാം പതിപ്പിലും പ്രസിദ്ധീകരിച്ച 182 മനോവൈകല്യങ്ങളിൽ ഒന്നായിരുന്നു സ്വവർഗലൈംഗികത. 1970 മുതൽ ഡിഎസ് എം പട്ടികയിൽനിന്ന് അത് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്വവർഗാനുരാഗികൾ പ്രക്ഷോഭം തുടങ്ങി.

ശക്തമായ പ്രക്ഷോഭങ്ങൾക്കും പ്രലോഭനങ്ങൾക്കും ശേഷം പ്രഗത്ഭരായ മനഃശാസ്ത്രജ്ഞരുടെയും മാനസികാപഗ്രഥന വിദഗ്ധരുടെയും എതിർപ്പുകളെ അവഗണിച്ചുകൊണ്ട് അമേരിക്കൻ സൈക്യാട്രിസ്റ്റ്സ് അസോസിയേഷൻ സ്വവർഗാനുരാഗം മനോവൈകല്യമല്ലെന്ന തീരുമാനത്തിലെത്തുകയാണ് ചെയ്തത്. പതിനായിരം അംഗങ്ങളുള്ള ബോർഡ് ഓഫ് ട്രസ്റ്റിലെ അംഗങ്ങൾക്കിടയിൽ ഇതേ കുറിച്ചുള്ള അഭിപ്രായമാരാഞ്ഞുകൊണ്ടുള്ള വോട്ടെടുപ്പിലൂടെയാണ് ഇത് തീരുമാനിച്ചത് എന്നത് എത്ര അപഹാസ്യമാണ്! ഇതിലെ 58 ശതമാനം അംഗങ്ങളും സ്വവർഗാനുരാഗത്തോട് അനുകൂലപ്പെടുന്നവരായിരുന്നുവത്രെ! ശാസ്ത്രജ്ഞർ പോലുമല്ലാത്ത ഇവർക്കിടയിലെ അഭിപ്രായമനുസരിച്ചാണ് ശാസ്ത്രീയ സത്യങ്ങളെ നിഷേധിച്ച് ഇങ്ങനെയൊരു തീരുമാനമെടുത്തതെങ്കിൽ എത്ര മാത്രം അപഹാസ്യമാണിതെന്ന് മനസ്സിലാകും. ഇതാണ് നമ്മുടെ കുട്ടികളുടെ മുന്നിൽ അവതരിപ്പിച്ചുകൊണ്ട് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്.

ലിംഗത്തിന്റ അഗ്രചർമം പിന്നോട്ട് വലിയാത്തതിനാൽ ചികിൽസ തേടിയ ഡേവിഡ് റീമർ എന്ന കുട്ടിയുടെ ലിംഗത്തിന്റ സിംഹഭാഗവും മുറിഞ്ഞുപോയപ്പോൾ ഡോ. ജോൺ മണിയെ സന്ദർശിക്കുകയുണ്ടായി. കുട്ടിയെ പെണ്ണായി വളർത്താൻ അയാൾ നിർദേശിക്കുകയായിരുന്നു. എന്നാൽ കുട്ടി യുവാവായപ്പോൾ തന്റ അവസ്ഥ മനസ്സിലാക്കി പുരുഷനാകാൻ ശ്രമിച്ചു. അതിനു സാധിക്കാതെ വന്നപ്പോൾ പിന്നീട് അയാൾ ആത്മ

ത്യയിൽ അഭയം തേടി. ഡേവിഡ് റീമറിനെ ആത്മഹത്യയിലേക്ക് തള്ളിവിട്ട ജോൺമണിയുടെ അഭിപ്രായങ്ങളും ശാസ്ത്രവാക്യമായി ജെൻഡർ ആക്ടിവിസ്റ്റുകൾ കൊണ്ടുനടക്കുന്നുണ്ട്. എൻ എസ്എസ് വിദ്യാർഥികൾക്ക് നൽകുന്ന സമദർശൻ ക്ലാസ്സിലെ ശാസ്ത്രനിഷേധമാണിതെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നത്.

**നവലിബറൽ സാമ്പത്തിക നയത്തിൽ അഗാധശയനത്തിന് വിധേയമായ മാർക്സിസം സാമ്രാജ്യത്വത്തിന് കീഴൊതുങ്ങിയതായാണ് കാണാനാകുന്നത്. കേരളത്തിലെ കമ്യൂണിസവും സർക്കാറും സാമ്രാജ്യത്വ സാംസ്കാരിക ഉച്ചിഷ്ടങ്ങൾ വാരിപ്പുണരാൻ വല്ലാതെ വെമ്പൽ കാണിക്കുന്നു എന്നതിന് പുതിയ ഉദാഹരണമാണ് ഈ ജെൻഡർ രാഷ്ട്രീയവും. വിദ്യാഭ്യാസത്തിലൂടെ, വളർന്നു വരുന്ന തലമുറയെ അത്തരം മനോവൈകല്യത്തിലേക്കും ഉദാര ലൈംഗികതയിലേക്കും സ്വവർഗാനുരാഗത്തിലേക്കും ജെൻഡർ രാഷ്ട്രീയത്തിലേക്കും തള്ളിയിടുന്നത് ഇങ്ങനെയൊരു സാംസ്കാരിക ഭ്രംശം സംഭവിച്ചതിന്റെ ഭാഗമാണ്.**



## സാംസ്കാരികാധിനിവേശത്തിന്റെ ചുവപ്പൻ ഇര

ഇടതുപക്ഷ സൈദ്ധാന്തികരുടെ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രഭാഷണങ്ങളും എന്നും സാമ്രാജ്യത്വത്തോടുള്ള യുദ്ധപ്രഖ്യാപനമായിരുന്നു. സാമ്രാജ്യത്വം ഏതൊരു ശത്രുവിനെയും പ്രതിരോധിക്കുവാൻ പല തന്ത്രങ്ങളും പ്രയോഗിച്ചുവരുന്നുണ്ട്. ഭീകരവാദികളും തീവ്രവാദികളുമായി ചിത്രീകരിച്ച് ആയുധമായി അവരെ നേരിടുകയെന്നതാണ് ഒരു ശൈലി. ആശയപരമായി നേരിടാനും അവർ ശ്രമിക്കും, വ്യത്യസ്ത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തും അതിന് പ്രചാരണം നൽകിയും സാംസ്കാരികാധിനിവേശം നടത്തുകയെന്നത് അവരുടെ മറ്റൊരു ശൈലിയാണ്. യൂറോപ്പിലെ ക്രൈസ്തവ വിശ്വാസികളെ പോലും അതിന് ഇരകളാക്കിയിട്ടുണ്ട്. സ്വവർഗാനുരാഗികളെ ആശീർവദിക്കാൻ കത്തോലിക്കാ വൈദികർക്ക് മാർപാപ്പ അനുവാദം നൽകിയത് അതിന്റെ ഒരു ഭാഗമാണ്. ഇത്തരം സാമ്രാജ്യത്വ സാംസ്കാരികാധിനിവേശത്തെ ശക്തമായി പ്രതിരോധിച്ചിരുന്നത് കമ്യൂണിസവും മാർക്സിസവുമായിരുന്നു. നവലിബറൽ സാമ്പത്തിക നയത്തിൽ അഗാധശയനത്തിന് വിധേയമായ മാർക്സിസം സാമ്രാജ്യത്വത്തിന് കീഴൊതുങ്ങിയതായാണ് കാണാനാകുന്നത്. കേരളത്തിലെ കമ്യൂണിസവും സർക്കാറും സാമ്രാജ്യത്വ സാംസ്കാരിക ഉച്ചിഷ്ടങ്ങൾ വാരിപ്പുണരാൻ വല്ലാതെ വെമ്പൽ കാണിക്കുന്നുവെന്നതിന് പുതിയ ഉദാഹരണമാണ് ഈ ജെൻഡർ രാഷ്ട്രീയവും. വിദ്യാഭ്യാസത്തിലൂടെ, വളർന്നുവരുന്ന തലമുറയെ അത്തരം മനോവൈകല്യത്തിലേക്കും ഉദാരലൈംഗികതയിലേക്കും സ്വവർഗാനുരാഗത്തിലേക്കും ജെൻഡർ രാഷ്ട്രീയത്തിലേക്കും തള്ളിയിടുന്നത് ഇങ്ങനെയൊരു സാംസ്കാരിക ഭ്രംശം സംഭവിച്ചതിന്റെ ഭാഗമാണ്.

അമേരിക്കയുടെ സിങ്കർ തയ്യൽ മെഷീനും ടെലിവിഷനും ഇറക്കുമതി ചെയ്തതിലൂടെ സാംസ്കാരിക ലോകം മലിനമാകുമെന്ന് മറ്റാരെക്കാളും ഭയപ്പെട്ടവരായിരുന്നു ഇടതുപക്ഷം. കമ്പ്യൂട്ടറിനെതിരെ വിപ്ലവവീര്യം പ്രകടിപ്പിച്ചപ്പോഴും തൊഴിലാളിവർഗത്തിന്റെ സംരക്ഷണമാണ് ലക്ഷ്യമായി പറഞ്ഞിരുന്നതെങ്കിലും സാംസ്കാരികാധിനിവേശത്തെയും അവർ ഭയപ്പെട്ടിരുന്നുവെന്ന് മനസ്സിലാക്കാനാകും. പടിഞ്ഞാറൻ രാജ്യങ്ങൾ പുറംതള്ളിക്കൊണ്ടിരിക്കുന്ന ജെൻഡർ ആക്ടിവിസം പോലെയുള്ള സംസ്കാരമാലിന്യങ്ങളെ ചുവപ്പൻ രാഷ്ട്രീയം വാരിപ്പുണരാനുള്ള കാരണം ആഗോളവൽക്കരണത്തിന്റെ പിടിമുറുക്കത്തിൽ അവർ പിടയുന്നുവെന്ന് തന്നെയാണ്. അല്ലെങ്കിലും 18ാം നൂറ്റാണ്ടിലെ പഴഞ്ചൻ തൊഴിലാളിവർഗ ശബ്ദം ഈ ആധുനിക കാലത്തും വിലപോകില്ല എന്ന തിരിച്ചറിവായിരിക്കാം സാംസ്കാരിക മാലിന്യങ്ങളിൽ മുങ്ങിത്താഴാനുള്ള കാരണം.

അമേരിക്കൻ ഇക്കണോമിസ്റ്റായ ഫ്രാൻസിസ് ഫുക്കുയാമ തന്റെ പുസ്തകത്തിലൂടെ അവകാശപ്പെടുന്നത് പാശ്ചാത്യൻ ലിബറൽ ജനാധിപത്യം പ്രാപഞ്ചികമായിത്തീർന്നിരിക്കുന്നുവെന്നും മാനവരാശിയുടെ ദാർശനിക പരിണാമങ്ങളുടെ അവസാനമായിരിക്കുന്നുവെന്നുമാണ്. സോവിയറ്റ് യൂണിയൻ കഥാവശേഷമായതോടുകൂടി എതിർപ്പിന്റെ അവസാന സ്വരവും നിശ്ചലമായിരിക്കുന്നുവെന്നും സാമ്രാജ്യത്വത്തിന്റെ സ്വപ്നം പൂവണിഞ്ഞുവെന്നും പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ആവേശഭരിതമാകുന്നുണ്ട്. കേരളത്തിലെ ഇടതുരാഷ്ട്രീയവും സാമ്രാജ്യത്വത്തിന്റെ ലിബറൽ ജനാധിപത്യത്തിൽ അലിഞ്ഞുചേർന്ന് ഇല്ലാതാ യിരിക്കുന്നുവെന്ന് ജെൻഡർ രാഷ്ട്രീയം തെളിയിച്ചുകൊണ്ടിരിക്കുന്നു. ■

ഹുസ്ന മലോറം



# ഇതോ പുരോഗമനം?

മാറു മറയ്ക്കുവാനുള്ള
സ്വാതന്ത്ര്യത്തിനായി സമരമന്ന്!
മാറ് തുറന്നിടാനുള്ള
സ്വാതന്ത്ര്യത്തിനായി സമരമിന്ന്!
ആണുമാണും തമ്മിൽ
പെണ്ണും പെണ്ണും തമ്മിൽ
വേളി കഴിക്കുവാൻ സമരമിന്ന്!
ആൺ-പെൺ വേർതിരിവെങ്ങും വേണ്ടാ!
എവിടെയുമിടകലർന്നിരിക്കവേണം,
സമ്മതമുണ്ടെങ്കിലാരുമായും
ലൈംഗികദാഹം ശമിപ്പിച്ചിടാം.
രക്തബന്ധം ഒരു പ്രതിബന്ധമല്ല,
സമ്മതം നോക്കിയാൽ മാത്രം മതി!
അങ്ങനെയങ്ങനെ മ്ലേച്ഛമായ
ചെയ്തികൾ വ്യാപകമായാൽ
അതാണത്രെ പുരോഗമനം!
നാറുന്ന മാറ്റങ്ങൾ കൊണ്ടുവന്ന്
പേരിടുന്നു പുരോഗമനമെന്ന്!
നന്മ, തിന്മ, സദാചാരം, ദുരാചാരം
എന്നിങ്ങനെയുള്ള വേർതിരിവുകളും
അതിരുകൾ നിശ്ചയിക്കലുമാണത്രെ
പുരോഗമനത്തിന്റെ വിലങ്ങുതടി.
അതുകൊണ്ട് അരുതുകൾ വേണ്ട,
മതത്തിന്റെ അതിരുകൾ വേണ്ട,
ഇതൊക്കെയാണത്രെ സ്വതന്ത്രവാദം!
ഇതൊക്കെയാണത്രെ പുരോഗമനം!
എന്നാൽ മനുഷ്യത്വമുള്ളവർ പറയുന്നു
ഇതാണ് യഥാർഥ 'അധഃപതനം'
മൃഗീയമെന്നു പോലും
വിശേഷിപ്പിക്കാനാവാത്ത അധഃപതനം

ഡോ. ഷാനവാസ്, ഫ്ലോറിഡ
drshanavascmc@gmail.com

### സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും 11

# പ്രപഞ്ചം

നാം ദൈനംദിന ജീവിതത്തിൽ കാണുന്ന വസ്തുക്കളുടെ വികസനവും പ്രപഞ്ചത്തിന്റെ വികസനവും താരതമ്യം ചെയ്യാൻ പറ്റുന്ന ഒന്നല്ല. മറിച്ച് പ്രപഞ്ചം എല്ലാ ദിശയിലേക്കും പൂർണമായും വികസിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വികസനത്തിന്റെ വേഗത ദൈനംദിനം വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

വളരെ അത്ഭുതങ്ങൾ നിറഞ്ഞതാണ് നാം ജീവിക്കുന്ന ഭൂമിയും അത് ഉൾക്കൊള്ളുന്ന പ്രപഞ്ചവും. ജീവന്റെ ഉൽപത്തിയെ പോലെത്തന്നെ പ്രപഞ്ചത്തിന്റെ ഉൽപത്തിയെക്കുറിച്ചും അതിലെ വ്യത്യസ്ത ഗ്രഹങ്ങളെക്കുറിച്ചും മനുഷ്യർ ഇപ്പോഴും ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഗലീലിയോ ഗലീലിയെ പോലെയുള്ള മുൻകാല ശാസ്ത്രജ്ഞരുടെ ഈ രംഗത്തെ സംഭാവന ശ്രദ്ധേയമാണ്.

അല്ലാഹു പറയുന്നു: "ആകാശമാകട്ടെ, നാമതിനെ (ശക്തിയും വൈദഗ്ധ്യവുമാകുന്ന) കരങ്ങളാൽ സ്ഥാപിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു.'' (ക്വുർആൻ 51:47).

ധാരാളം ഗ്രഹങ്ങളും നക്ഷത്രങ്ങളുമടങ്ങുന്ന പ്രപഞ്ചത്തെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നത് ശാസ്ത്രലോകത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരുന്നില്ല. എന്നാൽ 1921ൽ വെസ്റ്റോ സ്ലിഫർ എന്ന ശാസ്ത്രജ്ഞനാണ് ആദ്യമായി പ്രപഞ്ചം വികസിക്കുന്നുണ്ടെന്ന ശാസ്ത്രീയ നിഗമനത്തിൽ എത്തിയത്. അദ്ദേഹത്തിനുശേഷം 1922ൽ എഡ്വാർഡ് ഫ്രിഡ്മാൻ എന്ന മറ്റൊരു ശാസ്ത്രജ്ഞൻ പ്രപഞ്ചത്തിന്റെ വികസന പ്രക്രിയക്ക് കൂടുതൽ ശാസ്ത്രീയമായ തെളിവുകൾ കൊണ്ടുവന്നു. മാത്രമല്ല എഡ്വിൻ ഹബിൾ എന്ന ശാസ്ത്രജ്ഞന്റെ സംഭാവന ഈ ആശയത്തിന് കൂടുതൽ ബലം നൽകി.

നാം ദൈനംദിന ജീവിതത്തിൽ കാണുന്ന വസ്തുക്കളുടെ വികസനവും പ്രപഞ്ചത്തിന്റെ വികസനവും താരതമ്യം ചെയ്യാൻ പറ്റുന്ന ഒന്നല്ല. മറിച്ച് പ്രപഞ്ചം എല്ലാ ദിശയിലേക്കും പൂർണമായും വികസിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വികസനത്തിന്റെ വേഗത ദൈനംദിനം വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.



2016ൽ NASA (National Aeronautics and Space Administration) യിലെയും E.S.A (European Space Agency)യിലെയും ഗവേഷകർ ഈ വികസനം മുമ്പത്തേതിൽനിന്നും അഞ്ചു മുതൽ 9 ശതമാനംവരെ വർധിച്ചതായി രേഖപ്പെടുത്തുകയുണ്ടായി. ഹബ്ൾ സ്പേസ് ദൂരദർശിനിയുടെ (Hubble space telescope) സഹായത്തോടെയാണ് അവർ ഈ നിഗമനത്തിൽ എത്തിയത്.

ഡോപ്ലർ ഇഫക്ട് (Doppler effect) എന്ന ഒരു സിദ്ധാന്തമുണ്ട്. ഒരു വാഹനം നമ്മുടെ അടുത്തേക്ക് വരുമ്പോൾ അതിന്റെ ശബ്ദം അത് യഥാർഥത്തിൽ പുറപ്പെടുവിക്കുന്നതിനെക്കാൾ ഉച്ചത്തിൽ നാം കേൾക്കുന്നു. അതിനുകാരണം ആ ശബ്ദത്തിന്റെ ആവൃത്തി (frequency) വർധിക്കുന്നതാണ്. അല്ലെങ്കിൽ തരംഗദൈർഘ്യം (wave length) കുറയുന്നതാണ്. എന്നാൽ ഇതേ വാഹനം നമ്മെ കടന്നുപോകുമ്പോൾ

a)

b)




HUBBLE'S LAW

ഇതിന്റെ വിപരീതം സംഭവിക്കുന്നു. അതായത് അതിന്റെ ശബ്ദം കുറഞ്ഞുവരികയും തരംഗദൈർഘ്യം കൂടുകയും ചെയ്യുന്നു. ഇതുപോലെ പ്രകാശത്തിനും ഡോപ്ലർ ഇഫക്റ്റിന് സമാനമായ ഒരു പ്രതിഭാസം ഉണ്ട്. അതിനെ ഹബിൾസ് നിയമം (Hubble's Law) എന്ന് പറയുന്നു.

ഹബിൾസ് നിയമപ്രകാരം, ഒരു വസ്തു നമ്മിൽനിന്നും അകന്നുപോകുമ്പോൾ അതിൽനിന്നുള്ള പ്രകാശം വികസിക്കുന്നു. അതായത് അതിന്റെ തരംഗദൈർഘ്യം വർധിക്കുന്നു. ഈ പ്രതിഭാസത്തെയാണ് റെഡ് ഷിഫ്റ്റ് (red shift) എന്ന് വിളിക്കുന്നത്. ഇതിന്റെ വിപരീത പ്രക്രിയയെ ഗ്രീൻ ഷിഫ്റ്റ് (green shift) എന്നും വിളിക്കുന്നു. പ്രപഞ്ചത്തിലെ ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും റെഡ് ഷിഫ്റ്റ് സംഭവിക്കുന്നു എന്ന കണ്ടെത്തലാണ്, പ്രപഞ്ചം വികസിക്കുന്നു എന്ന നിഗമനത്തിൽ ശാസ്ത്രലോകത്തെ എത്തിച്ചത്.

ഇതിനുപുറമെ മഹാവിസ്ഫോടന സിദ്ധാന്തവും (big-bang theory) പ്രപഞ്ചത്തിന്റെ ഈ വികസനത്തിന് വലിയ ഊന്നൽ നൽകി. ഈ സിദ്ധാന്തമനുസരിച്ച് പ്രപഞ്ചം വികസിച്ചുകൊണ്ടേയിരിക്കുന്നു. പുതിയ കണക്കനുസരിച്ച് ഏതാണ്ട് 930 ദശലക്ഷം പ്രകാശവർഷത്തോളം വ്യാസമുള്ളതാണ് (diameter) ഇന്നത്തെ പ്രപഞ്ചം. അതിന്റെ വ്യാസം ദൈനംദിനം വർധിച്ചുകൊണ്ടിരിക്കുന്നു.

"നിങ്ങൾക്കു മീതെ ഏഴ് ബലിഷ്ഠമായ ആകാശങ്ങൾ നാം നിർമിക്കുകയും ചെയ്തു" (ഖുർആൻ 78:12).

നാം വസിക്കുന്ന ഭൂമിയും നാം കാണുന്ന ആകാശവും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മാത്രമാണോ ഈ പ്രപഞ്ചം? നാം നമ്മുടെ കണ്ണുകൊണ്ട് കാണുന്ന ഈ ലോകം പ്രപഞ്ചത്തിന്റെ (universe)

വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് എന്നതാണ് സത്യം. നാം അടങ്ങുന്ന ഭൂമിയും നമ്മൾ കാണുന്ന സൂര്യനും ചന്ദ്രനുമെല്ലാം തന്നെ ക്ഷീരപഥം (milky way) എന്ന് വിളിക്കുന്ന സൗരയൂഥത്തിന്റെ (galaxy) ഒരു ചെറിയഭാഗം മാത്രമാണ്. ക്ഷീരപഥത്തെ പോലെയുള്ള കോടിക്കണക്കിന് നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും കൂട്ടങ്ങൾകൊണ്ട് വിശാലമാണ് സൗരയൂഥം. ഇത്തരത്തിലുള്ള കോടിക്കണക്കിന് ഗ്യാലക്സികൾ അടങ്ങിയിട്ടുള്ളതാണ് ഈ പ്രപഞ്ചം. നമ്മുടെ കണ്ണുകൾ കൊണ്ടോ മറ്റു ഉപകരണങ്ങൾ കൊണ്ടോ അളക്കാൻ പറ്റാത്ത അത്ര വിശാലമാണ് നമ്മുടെ പ്രപഞ്ചം. ശാസ്ത്രീയ പഠനങ്ങൾ പറയുന്നത് നമുക്ക് കണക്കെടുക്കാൻ പോലും പറ്റാത്ത അത്രയധികം ഗ്രഹങ്ങളും നക്ഷത്രങ്ങളും അടങ്ങിയിട്ടുള്ളതാണ് പ്രപഞ്ചം എന്നതാണ്. ഇതിനെ ശാസ്ത്രലോകം ഇരുണ്ട വസ്തുക്കൾ (dark matter) എന്ന് വിളിക്കുന്നു.

മുൻകാല ശാസ്ത്രലോകത്തിന് മേൽപറഞ്ഞ വസ്തുത സ്വീകരിക്കാൻ പറ്റുന്ന ഒന്നായിരുന്നില്ല. പൗരാണിക ഇന്ത്യയിലെയും ഗ്രീസിലെയും ഗവേഷകർ ഭൂമിയെയായിരുന്നു പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായി കണക്കാക്കിയിരുന്നത്. അവരുടെ വീക്ഷണത്തിൽ ഭൂമിയായിരുന്നു പ്രപഞ്ചത്തിലെ ഏറ്റവും പ്രധാന ഘടകം. എന്നാൽ പിന്നീട് നിക്കോളാസ് കോപ്പർനിക്സ് എന്ന ഗവേഷകൻ സൂര്യനെ കേന്ദ്രബിന്ദുവായിക്കൊണ്ടുള്ള പ്രപഞ്ചത്തെക്കുറിച്ച് വിവരിച്ചു. എന്നാൽ വർഷങ്ങൾക്കുശേഷം സൂര്യൻ നാം അടങ്ങുന്ന ക്ഷീരപഥത്തിലെ കോടിക്കണക്കിന് നക്ഷത്രങ്ങളിൽ ഒരു നക്ഷത്രം മാത്രമാണെന്ന് ശാസ്ത്രലോകം കണ്ടെത്തുകയുണ്ടായി.

> “ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?” (21:30).

“സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്” (ക്വുർആൻ 36:38).

“സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ നിശ്ചിത ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു” (ക്വുർആൻ 36:40).

“കത്തിജ്വലിക്കുന്ന ഒരു വിളക്ക് (സൂര്യനെ) നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു” (78:13).

പൗരാണിക ഗവേഷകർ ഭൂമിയെയായിരുന്നു പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായി കണക്കാക്കിയിരുന്നത് എന്ന് നാം മനസ്സിലാക്കി. ഭൂമി സ്ഥായിയായി നിൽക്കുന്നതായും മറ്റുള്ള ഗ്രഹങ്ങളും നക്ഷത്രങ്ങളും ഭൂമിക്ക് ചുറ്റും കറങ്ങുന്നതായും അവർ കണക്കാക്കി. എന്നാൽ പിന്നീട് സൂര്യനെ കേന്ദ്രബിന്ദുവായി കണക്കാക്കി. ഈ ആശയമനുസരിച്ച് സൂര്യൻ സ്ഥായിയായി നിൽക്കുന്നതായും മറ്റു ഗ്രഹങ്ങൾ സൂര്യന് ചുറ്റും കറങ്ങുന്നതായും നിരീക്ഷിച്ചു. പിന്നീട് വർഷങ്ങൾക്കുശേഷം സൂര്യൻ കോടിക്കണക്കിന് നക്ഷത്രങ്ങളിൽ കേവലം ഒരു നക്ഷത്രം മാത്രമാണെന്നും അത് സ്ഥിരമായി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെന്നും കണ്ടെത്തുകയുണ്ടായി.

നാം കാണുന്ന, നമ്മുടെ ഊർജസ്രോതസ്സായ സൂര്യൻ ഏതാണ്ട് 4.6 ബില്യൺ വർഷങ്ങൾ പഴക്കമുള്ള ഒരു നക്ഷത്രമാണെന്ന് കണക്കാക്കപ്പെടുന്നു. നാം കരുതുന്നപോലെ ഖരരൂപത്തിലുള്ള ഒന്നല്ല സൂര്യൻ. മറിച്ച് ഹൈഡ്രജൻ, ഹീലിയം തുടങ്ങിയ വാതകങ്ങൾകൊണ്ട് സൃഷ്ടിക്കപ്പെട്ട ഒന്നാണ് സൂര്യൻ. ക്ഷീരപഥത്തിലെ ഒരു സാധാരണ നക്ഷത്രം മാത്രമാണിത്. സൂര്യനെക്കാൾ 100 മടങ്ങ് വലിപ്പമുള്ള നക്ഷത്രങ്ങൾ സൗരയൂഥത്തിലുണ്ട്.

സൂര്യന്റെ പ്രത്യേക ആകർഷണശക്തികൊണ്ടാണ് ഭൂമിയും മറ്റു ഗ്രഹങ്ങളും ചെറുതും വലുതുമായ എല്ലാ പദാർഥങ്ങളും സൂര്യന് ചുറ്റും നിലകൊള്ളുന്നത്. സദാസമയം കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന സൂര്യൻ നാം കരുതുന്നപോലെ സ്ഥായിയായ ഒന്നല്ല. മറിച്ച് ഇതിന് സ്ഥിരമായ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയും അത് സ്ഥിരമായി ഊർജം പുറത്തുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. സൂര്യന്റെ ഏറ്റവും മധ്യഭാഗത്ത് ഏതാണ്ട് 15 ദശലക്ഷം ഡിഗ്രി സെൽഷ്യസാണ് ചൂടുള്ളത്. എന്നാൽ സൂര്യന്റെ ഏറ്റവും പുറമെ ഏതാണ്ട് 5500 ഡിഗ്രി സെൽഷ്യസാണ് ചൂടുള്ളത്.

നമ്മുടെ സൗരയൂഥം ഏതാണ്ട് മണിക്കൂറിൽ 720000 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്നുണ്ട്. ഇതിന്റെ കൂടെ സൂര്യനും അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നു. സൂര്യൻ ഒരു ഖരവസ്തു അല്ലാത്തതിനാൽ

അതിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത വേഗതയിലാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. സൂര്യന്റെ മധ്യഭാഗം (equater) ഒരു പ്രാവശ്യം പൂർണമായും കറങ്ങാൻ ഏതാണ്ട് 25 ദിവസമെടുക്കുന്നു. എന്നാൽ സൂര്യന്റെ ധ്രുവങ്ങൾ കറങ്ങാൻ ഏതാണ്ട് 36 ദിവസമെടുക്കുന്നു. സൂര്യന് ക്ഷീരപഥത്തിന്റെ ചുറ്റും ഒരു പ്രാവശ്യം പൂർണമായും കറങ്ങാൻ ഏതാണ്ട് 230 ദശലക്ഷം വർഷങ്ങൾ വേണം.

**മഹാവിസ്ഫോടനം**



പ്രപഞ്ചത്തിന്റെ ഉൽപത്തി എങ്ങനെയെന്നത് ഇന്നും ശാസ്ത്രത്തിന്റെ മുന്നിൽ വലിയ ഒരു ചോദ്യചിഹ്നമാണ്. ശാസ്ത്രീയമായ കണക്കുകൾ പ്രകാരം ഏതാണ്ട് 13.8 ബില്യൺ വർഷങ്ങൾ പഴക്കമുള്ളതാണ് നമ്മുടെ ഈ പ്രപഞ്ചം. പ്രപഞ്ചത്തിന്റെ രൂപീകരണത്തെക്കുറിച്ച് വ്യത്യസ്തമായ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മഹാവിസ്ഫോടന സിദ്ധാന്തം (Big-Bang Theory).

“ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?” (21:30).

ജോർജ് ലിമേറ്റ് (Georges Lemaite) എന്ന ശാസ്ത്രജ്ഞനാണ് ഈ സിദ്ധാന്തം ആദ്യമായി രൂപപ്പെടുത്തിയത്. ഇതു പ്രകാരം നാം ഇന്ന് കാണുന്ന പ്രപഞ്ചത്തിലെ സകല ഗ്രഹങ്ങളും നക്ഷത്രങ്ങളും പ്രകാശവും ഊർജവുമെല്ലാം ഒരൊറ്റ ഘടനയോടുകൂടിയ ഒന്നായിരുന്നു. വളരെയധികം ചൂടും സാന്ദ്രതയും കൂടിയ ഈ വസ്തുവിനെ ശാസ്ത്രലോകം സിങ്കുലാരിറ്റി എന്ന് വിളിച്ചു. പിന്നീട് അത് വികസിക്കുകയും ഒരു സ്ഫോടനം പോലെ അതിന്റെ ഭാഗങ്ങൾ വേർതിരിയുകയും ചെയ്തു. ഇങ്ങനെ വേർപ്പെട്ട ചെറിയ പദാർഥങ്ങൾ (tiny particles) കൂടിച്ചേർന്ന് ആറ്റങ്ങൾ (atoms) എന്ന് വിളിക്കുന്ന വലിയ പദാർഥങ്ങളായി. ഈ ആറ്റങ്ങളും പരസ്പരം കൂടിച്ചേരാൻ തുടങ്ങി, അതിലും വലിയ വസ്തുക്കൾ രൂപപ്പെട്ടു. അങ്ങനെ കാലങ്ങൾകൊണ്ട് നാം ഇന്ന് കാണുന്ന നക്ഷത്രങ്ങളായും ഭൂമിയായും മറ്റു ഗ്രഹങ്ങളായും അവ രൂപപ്പെട്ടു. പ്രപഞ്ചത്തിന്റെ ഈ വികസനം ഇന്നും ആവർത്തിക്കുകയും ചെയ്യുന്നു.

ഈ സിദ്ധാന്തത്തെ പിന്താങ്ങുന്ന നിയമങ്ങളിൽ സുപ്രധാനമാണ് ഹബിൾസ് നിയമം. മറ്റു ഗ്യാലക്സികൾ നമ്മിൽനിന്നും അകലുന്നതായി എഡ്വിൻ ഹബിൾ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തി. ഇതിനെ അദ്ദേഹം റെഡ് ഷിഫ്റ്റ് (red shift) എന്ന പ്രതിഭാസത്തിന്റെ സഹായത്തോടെ വിശദീകരിക്കുകയും ചെയ്തു.

മഹാവിസ്ഫോടനം യാഥാർഥ്യമാണെങ്കിൽ, ഇതിന്റെ ഫലമായി ഉണ്ടായ ഊർജത്തെ നമുക്ക് കണ്ടെത്താൻ സാധിക്കേണ്ടതുണ്ട്. 1964ൽ കോസ്മിക് രശ്മികളായി (cosmic micro wave back ground radiation) ഈ ഊർജത്തെ കണ്ടെത്താൻ ശാസ്ത്ര ലോകത്തിന് സാധിക്കുകയുണ്ടായി. 2013ൽ E.S.A(European Space Agency) ഈ കണ്ടെത്തൽ അവരുടെ പ്ലാങ്ക് സ്പേസ് ക്രാഫ്റ്റിന്റെ(plank space craft) സഹായത്തോടെ ആവർത്തിച്ചത് മഹാവിസ്ഫോടന സിദ്ധാന്തത്തിന് കൂടുതൽ പ്രാധാന്യം നൽകി.

*(തുടരും)*

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

അധ്യായം 39

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

66. അല്ല, അല്ലാഹുവെത്തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.

67. അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപ്പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു.

68. കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട് അതിൽ (കാഹളത്തിൽ) മറ്റൊരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റ് നോക്കുന്നു.

69. ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭ കൊണ്ട് പ്രകാശിക്കുകയും ചെയ്യും. (കർമങ്ങളുടെ) രേഖ വെക്കപ്പെടുകയും പ്രവാചകന്മാരും സാക്ഷികളും കൊണ്ടുവരപ്പെടുകയും ജനങ്ങൾക്കിടയിൽ സത്യപ്രകാരം വിധിക്കപ്പെടുകയും ചെയ്യും. അവരോട് അനീതി കാണിക്കപ്പെടുകയില്ല.

70. ഓരോ വ്യക്തിക്കും താൻ പ്രവർത്തിച്ചത് നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നവനത്രെ.

بَلِ ٱللَّهَ فَٱعۡبُدۡ وَكُن مِّنَ ٱلشَّٰكِرِينَ ٦٦

وَمَا قَدَرُواْ ٱللَّهَ حَقَّ قَدۡرِهِۦ وَٱلۡأَرۡضُ جَمِيعٗا
قَبۡضَتُهُۥ يَوۡمَ ٱلۡقِيَٰمَةِ وَٱلسَّمَٰوَٰتُ
مَطۡوِيَّٰتُۢ بِيَمِينِهِۦۚ سُبۡحَٰنَهُۥ وَتَعَٰلَىٰ عَمَّا
يُشۡرِكُونَ ٦٧

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ
وَمَن فِي ٱلۡأَرۡضِ إِلَّا مَن شَآءَ ٱللَّهُۖ ثُمَّ نُفِخَ فِيهِ
أُخۡرَىٰ فَإِذَا هُمۡ قِيَامٞ يَنظُرُونَ ٦٨

وَأَشۡرَقَتِ ٱلۡأَرۡضُ بِنُورِ رَبِّهَا وَوُضِعَ
ٱلۡكِتَٰبُ وَجِاْيٓءَ بِٱلنَّبِيِّـۧنَ وَٱلشُّهَدَآءِ وَقُضِيَ
بَيۡنَهُم بِٱلۡحَقِّ وَهُمۡ لَا يُظۡلَمُونَ ٦٩

وَوُفِّيَتۡ كُلُّ نَفۡسٖ مَّا عَمِلَتۡ وَهُوَ أَعۡلَمُ بِمَا
يَفۡعَلُونَ ٧٠

66). തുടർന്ന് പറയുന്നു: (അല്ല, അല്ലാഹുവിനെത്തന്നെ നീ ആരാധിക്കുക) വിവരമില്ലാത്തവർ കൽപിക്കുന്നത് ശിർക്ക് ചെയ്യാനാണ് എന്ന് പറഞ്ഞപ്പോൾതന്നെ ശിർക്കിന്റെ മ്ലേച്ഛതയെ കുറിച്ചും ആരാധന അല്ലാഹുവിന് മാത്രമാക്കാനും പറഞ്ഞു. (അല്ലാഹുവിനെത്തന്നെ നീ ആരാധിക്കുക) അതായത് ആരാധന അവനു മാത്രമാക്കുക. അവന്ന് പങ്കുകാരില്ല. (നീ നന്ദിയുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക) അല്ലാഹു നൽകുന്ന പ്രത്യേക സഹായത്താൽ നീ അവനോട് നന്ദിയുള്ളവനായിത്തീരുക; ഭൗതികമായി ലഭിച്ച ശരീരത്തിനും സൗഖ്യത്തിനും ഉപജീവനമാർഗം നൽകിയതിനുമെല്ലാം. അതുപോലെതന്നെ മതപരമായ അനുഗ്രഹങ്ങൾക്കും നന്ദി വേണ്ടതാണ്. നിഷ്കളങ്കമായി ജീവിക്കാനും തക്വ പാലിക്കാനും അനുഗ്രഹിച്ചത് മതപരമായ അനുഗ്രഹങ്ങളാണ്. ഇതെല്ലാം അല്ലാഹു നൽകിയതാണെന്ന് മനസ്സിലാക്കി അവന് നന്ദി ചെയ്യുക. ഇവ അല്ലാഹുവിൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കുകയും അവനോട് നന്ദി പറയുകയും ചെയ്യുന്നത് പലരെയും ബാധിക്കുന്ന, തന്നെക്കുറിച്ചുള്ള അമിതമായ മതിപ്പിൽ നിന്നും അഹങ്കാരത്തിൽ നിന്നും അവരെ സംരക്ഷിക്കും.

67). അല്ലാഹു പറയുന്നു: അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം അവൻ കണക്കാക്കിയിട്ടില്ല. മഹത്ത്വപ്പെടുത്തേണ്ടവിധം മഹത്ത്വപ്പെടുത്തിയിട്ടുമില്ല. അവരതിന് നേർവിപരീതം പ്രവർത്തിച്ചു. ഗുണങ്ങളിലും പ്രവർത്തനങ്ങളിലും അവനോടൊപ്പമെത്താത്തവരെ അവനിൽ പങ്കുചേർത്തു. അവരെക്കൊണ്ട് അവർക്ക് ഗുണമോ ദോഷമോ ഇല്ല. അവരൊന്നും നൽകുന്നുമില്ല. തടയുന്നുമില്ല. യാതൊന്നും ഉടമപ്പെടുത്തുന്നുമില്ല.

അപൂർണനായ സൃഷ്ടിയെ അവർ മഹത്ത്വമേറിയ സൃഷ്ടികർത്താവിന് തുല്യനാക്കി. അവന്റെ കഴിവ് പരിധികളില്ലാത്തതാണ്. ഉയിർത്തെഴുന്നേൽപുനാളിൽ പരമകാരുണികൻ ഭൂമിയെ തന്റെ കൈപ്പിടിയിലൊതുക്കും. ആകാശവും ഭൂമിയും എത്ര വിശാലമാണെങ്കിലും അവനതിനെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കും. അവന് തുല്യരുണ്ടെന്ന് പറയുന്നവർ അർഹിക്കുന്നതുപോലെ അവനെ ആരാധിക്കുന്നില്ല. അതിനെക്കാൾ വലിയ തെറ്റില്ല. (അവനത്രെ പരിശുദ്ധൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം) അതായത് അവരുടെ ശിർക്കിൽ നിന്നും അവൻ പരിശുദ്ധനായിരിക്കുന്നു.

68). അല്ലാഹുവിന്റെ ശക്തിയിൽ ഭയം ജനിപ്പിച്ചുകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ എന്തു സംഭവിക്കുമെന്ന് പറഞ്ഞുകൊണ്ട് അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകുന്നു. അങ്ങനെ അല്ലാഹു അവർക്ക് ഭയവും പ്രതീക്ഷയും നൽകിക്കൊണ്ട് പറയുന്നു: (കാഹളത്തിൽ ഊതപ്പെടും). ആ കാഹളം വളരെ വലുതാണ്.



അതിന്റെ വലുപ്പം അതിന്റെ സ്രഷ്ടാവിനും അവന്റെ സൃഷ്ടികളിൽ നിന്ന് അവൻ അറിവ് നൽകിയവർക്കുമല്ലാതെ അറിയുകയില്ല. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച മലക്ക് ഇസ്റാഫീൽ(അ) അതിലൂടെ ഊതും. പരമകാരുണികന്റെ സിംഹാസനം വഹിക്കുന്ന മലക്കാണ് ഇസ്റാഫീൽ. (അപ്പോൾ ചലനമറ്റവരായിത്തീരും) ബോധം നഷ്ടപ്പെടുകയോ മരണപ്പെടുകയോ ചെയ്യും. രണ്ടഭിപ്രായവുമുണ്ട്. (ആകാശങ്ങളിലും ഭൂമിയിലുമുള്ളവ) എല്ലാവരും എന്നർഥം. കാഹളത്തിലെ ഊത്ത് കേട്ടാൽ അവർ അതിന്റെ കാഠിന്യത്താൽ ചകിതരാകും. അത് അന്ത്യനാളിന്റെ മുന്നോടിയായിട്ടുള്ളതാണെന്ന് അവർക്ക് അറിയുമായിരുന്നില്ല. (അല്ലാഹു ഉദ്ദേശിച്ചവരൊഴികെ) കാഹളത്തിലൂതുമ്പോൾ അല്ലാഹു ഉറപ്പിച്ചു നിർത്തിയവർ ബോധരഹിതരാകുന്നില്ല. രക്തസാക്ഷികളെ പോലുള്ള ചിലരാണത്. ആദ്യ ഊത്ത് അബോധാവസ്ഥയുടെയും ഭയത്തിന്റെയും ഊത്താണ്.

(പിന്നീടതിൽ മറ്റൊരിക്കൽ ഊതപ്പെടും) ഉയിർത്തെഴുന്നേൽപിന്റെ ഊത്ത്. (അപ്പോഴതാ അവർ എഴുന്നേൽക്കുന്നു) ക്വബ്റുകളിൽ നിന്നും എഴുന്നേൽക്കുന്നു; ഉയിർത്തെഴുന്നേൽപിനും വിചാരണക്കും വേണ്ടി. ആത്മാവും ശരീരവും അവർക്ക് പൂർണമായി ലഭിക്കുന്നു. കണ്ണുകൾ മിഴിച്ച് (അവർ നോക്കുന്നു). എന്താണവരെ അല്ലാഹു ചെയ്യുന്നതെന്നറിയാൻ.

69,70). (ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭ കൊണ്ട് പ്രകാശിക്കുകയും ചെയ്യും) നിലവിലുള്ള പ്രകാശമെല്ലാം നിലച്ചുപോകുമെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. അത് അല്ലാഹു തന്നെ പറഞ്ഞിട്ടുണ്ട്; സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമെന്നും ചന്ദ്രന് ഗ്രഹണം ബാധിക്കുമെന്നും നക്ഷത്രങ്ങൾ ചിതറപ്പെടുമെന്നും. അങ്ങനെ

ജനങ്ങൾ ഇരുട്ടിലാകും. അപ്പോൾ ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭയാൽ പ്രകാശിക്കും. അന്നേരം അല്ലാഹു പ്രത്യക്ഷപ്പെടുകയും അവർക്കിടയിൽ തീർപ്പുകൽപിക്കാൻ ഇറങ്ങി വരികയും ചെയ്യും.

അന്ന് അല്ലാഹു സൃഷ്ടികൾക്ക് ശക്തി നൽകും. അവരെ പുനഃസൃഷ്ടി നടത്തും. അവന്റെ വെളിച്ചം അവരെ കരിച്ചുകളയാത്തവിധം അവർക്ക് ശക്തി നൽകും. അവനെ കാണാൻ അവർക്ക് സൗകര്യപ്പെടും. അങ്ങനെയല്ലെങ്കിൽ അവന്റെ പ്രകാശത്തിൽ അവരുടെ മുഖം കരിഞ്ഞുപോകും. സൃഷ്ടിയിലൊരാൾക്കും അവനെ കാണാൻ കഴിയാതെ വരും. (രേഖവെക്കപ്പെടും) കർമരേഖയും റിക്കാർഡും ഹാജരാക്കുകയും നിവർത്തപ്പെടുകയും അതിലെ നന്മ തിന്മകൾ വായിക്കാൻ അല്ലാഹു കൽപിക്കുകയും ചെയ്യും.

وَوُضِعَ ٱلْكِتَٰبُ فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَٰوَيْلَتَنَا مَالِ هَٰذَا ٱلْكِتَٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا عَمِلُوا۟ حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا ﴿٤٩﴾

“കർമങ്ങളുടെ രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: ‘ഹേ, ഞങ്ങൾക്ക് നാശം, ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ ഇത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ.’ തങ്ങൾ പ്രവർത്തിച്ചതൊക്കെ ഹാജരായ നിലയിൽ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല”(18:49).

കർമങ്ങൾ ചെയ്തവരോട് കാണിക്കുന്ന പൂർണ നീതിയായി അല്ലാഹു പറയുന്നു:

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

“നീ നിന്റെ ഗ്രന്ഥം വായിച്ചു നോക്കുക. എന്നെ സംബന്ധിച്ചിടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി” (17:14).

(പ്രവാചകന്മാർ കൊണ്ടുവരപ്പെടും) അവർ സന്ദേശങ്ങൾ എത്തിച്ചുകൊടുത്തോ എന്നും അവരുടെ സമുദായങ്ങളെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുകയും അവർക്കെതിരെ സാക്ഷ്യം വഹിക്കുകയും ചെയ്യും. (സാക്ഷികളെയും) മലക്കുകൾ, മനുഷ്യരുടെ അവയവങ്ങൾ, ഭൂമി എന്നിവ. (അവർക്കിടയിൽ സത്യപ്രകാരം വിധിക്കപ്പെടുകയും ചെയ്യും) പൂർണനീതി. കാരണം അതുണ്ടാകുന്നത് അണുമണി അനീതി ചെയ്യാത്തവനിൽനിന്നാണ്. എല്ലാം സൂക്ഷ്മമായി അറിയുന്നവൻ. സംരക്ഷിത ഫലകങ്ങളിലാണ് അവന്റെ രേഖകൾ സൂക്ഷിക്കുന്നത്; മാന്യന്മാരായ മലക്കുകളാൽ. അവരാകട്ടെ, തങ്ങളുടെ രക്ഷിതാവിനോട് എതിരുപ്രവർത്തിക്കാത്തവർ. അവർ പ്രവർത്തിച്ചതെല്ലാം മലക്കുകൾ എഴുതും. നീതിമാന്മാരായ സാക്ഷികൾ ശിക്ഷയുടെയും പ്രതിഫലത്തിന്റെയും തോതുകൾ കൃത്യമായി കണക്കാക്കാൻ അറിയുന്നവർ. സൃഷ്ടികൾക്ക് അംഗീകരിക്കാവുന്ന തീരുമാനങ്ങൾ. അവർ അല്ലാഹുവിനെ സ്തുതിക്കുന്നു. അവന്റെ മഹത്ത്വം അറിയുന്നു. അവന്റെ അറിവിനെക്കുറിച്ചും യുക്തിയെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും അവർക്കറിയാം; അവർ ചിന്തിക്കാത്തതും പറയാത്തതും പോലും. അതാണ് അല്ലാഹു പറയുന്നത്: “ഓരോ വ്യക്തിക്കും താൻ പ്രവർത്തിച്ചത് നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും.” ■

ഏതോ ഒരു അറിവുള്ളയാൾ അദ്ദേഹത്തിന്റെ ചിന്തയിൽ രൂപപ്പെട്ട അറിവിന്റെ ശകലങ്ങൾ തുന്നിച്ചേർത്ത് എഴുതിത്തയ്യാറാക്കിയ പാഠപുസ്തകങ്ങൾ, വിഭിന്നങ്ങളായ സാഹചര്യങ്ങളിൽ പല ചിന്തകളും വിചാരവികാരങ്ങളും പ്രതീക്ഷകളും താലോലിച്ച്, നിശ്ശബ്ദരായി ക്ലാസ്സിലിരിക്കുന്ന വിദ്യാർഥികൾ, കുടുംബഭാരവും ഉത്തരവാദിത്തങ്ങളും അതിനിടയിൽ പഠിപ്പിച്ചുതീർക്കാനുള്ള ബദ്ധപ്പാടുമെല്ലാമായി ക്ലാസ്സുകളിൽനിന്നും ക്ലാസ്സുകളിലേക്ക് കയറിയിറങ്ങുന്ന അധ്യാപകരും!

ഇന്നത്തെ വിദ്യാലയങ്ങളിലും എല്ലാ മേഖലകളിലും ഘട്ടങ്ങളിലും കണ്ടുവരുന്ന പൊതു അവസ്ഥ ഏറെക്കുറെ ഇതാണ്. ഇവിടെ വിദ്യാർഥിയും ഗുരുവും ജീവിക്കുന്ന സാഹചര്യങ്ങൾ ചർച്ചയാവുന്നില്ല. ഗുരുവിന്റെ ജീവിതാനുഭവങ്ങൾ സംവേദനവിധേയമാകുന്നില്ല. കുട്ടിയുടെ വികാരവിചാരങ്ങളിൽ സ്പർശനമെത്തുന്നില്ല. ഫലപ്രദമായ മാതൃകകൾ ലഭിക്കുന്നില്ല. ചുരുക്കത്തിൽ, കുട്ടികൾക്ക് മാർക്കുനേടി തുടർന്ന് പഠിക്കാനും അധ്യാപകർക്ക് ജീവിക്കാനുള്ള ഒരേർപ്പാടും മാത്രമായി മാറുകയാണ് വിദ്യാലയങ്ങൾ പൊതുവെ. വളരുന്ന തലമുറയുടെ ഏറ്റവും വലിയ ദുരന്തവും സമൂഹം അനുഭവിക്കുന്ന കെടുതികളുടെ കാരണവും

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
: 9947452245

# പഠനമുറികൾ



ഇതുതന്നെയാണ്.

ഈയൊരു മൂല്യശോഷണാവസ്ഥ തന്നെയാണ് മതവിദ്യാഭ്യാസ രംഗത്തും ഏറെക്കുറെ കാണുന്നത്. വിദ്യാലയ നിയമങ്ങൾ, ക്ലാസ്സ്മുറിയുടെ ഔപചാരികതകൾ, പാഠപുസ്തകങ്ങളുടെ അതിരുകൾ എന്നിവയിൽ തളച്ചിടപ്പെടുന്ന കുട്ടികൾ. യുവാക്കൾ ജീവിതത്തിന്റെ പച്ചയായ യാഥാർഥ്യങ്ങൾ അറിയാതെ പോകുന്നുണ്ടോ എന്നത് നാം പരിശോധനക്ക് വിധേയമാക്കണം. വിജ്ഞാനം പരീക്ഷയെഴുതി ജയിക്കാനുള്ള തുരുത്തും, സംസ്കാരം സാഹചര്യങ്ങളിൽനിന്ന് കിട്ടുന്ന അനുഭവങ്ങളുമായി പരിണമിച്ചിരിക്കുന്നു ഇന്ന്. അതിനാൽ അറിവിന്റെ ബലത്തിൽ കിട്ടുന്ന സാക്ഷ്യപത്രങ്ങളും സ്ഥാനമാനങ്ങളും മൂല്യസംരക്ഷണബന്ധിയായ ജീവിതത്തിന് ഉപകരപ്പെടാതെ പോകുന്നു. മറിച്ച് സാമൂഹ്യാന്തരീക്ഷത്തിൽനിന്ന് നേടുന്ന അനുഭവങ്ങളും സംസ്കാരങ്ങളും വ്യക്തിഗുണങ്ങളായി അവശേഷിക്കുകയും ചെയ്യുന്നു. അഥവാ അറിവും സംസ്കാരവും രണ്ടുവഴിയെ സഞ്ചരിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ അറിവിന്റെ ബലത്തിലുള്ള ബിരുദധാരികളെയും സാങ്കേതികജ്ഞരെയുമാണ് വേണ്ടത്. വ്യക്തിവിശുദ്ധിയും ധർമബോധവും അവിടെ പുറന്തള്ളപ്പെടുകയാണ്. സാമൂ ഹ്യ കലാപങ്ങൾ, പല രംഗത്തുമുള്ള കുറ്റകൃത്യങ്ങൾ, രാജ്യദ്രോഹപരമായ വിപത്തുകൾ തുടങ്ങി എല്ലാത്തിന്റെയും ഉറവിടം വിജ്ഞരിൽനിന്നാണെന്നത് അനുഭവയഥാർഥ്യമാണല്ലോ. എന്നാൽ മതവിജ്ഞാനത്തിന്റെ മാനം മറ്റൊന്നാണ്. ലക്ഷണമൊത്ത മനുഷ്യരെയാണ് അതിൽ ലക്ഷ്യമിടുന്നത്. ബിരുദത്തെക്കാൾ ധർമത്തിനാണവിടെ പരിഗണന.

എന്നാൽ മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസത്തെപോലെ കേവലം സർട്ടിഫിക്കറ്റുകളിലേക്ക് ചുരുങ്ങിക്കൊണ്ടിരിക്കുന്നതിന്റെ കാരണം നാം കണ്ടെത്തണം. അനേകം മദ്റസകൾ, കോളേജുകൾ, ഉപരിപഠന കേന്ദ്രങ്ങൾ എല്ലാം നമുക്ക് മതവിദ്യാഭ്യാസത്തിന് മാത്രമായിട്ടുണ്ട് എന്നത് എത്ര അനുഗ്രഹമാണ്! അവസരം ഉപയോഗപ്പെടുത്തുക എന്നതാണ് പരിഹാരം.

പഴയ ഗുരുകുല വിദ്യാഭ്യാസം 'യഥാ ഗുരു, തഥാ ശിഷ്യ' എന്ന പ്രമാണത്തിലധിഷ്ഠിതമായിരുന്നു. ഗുരു ശിഷ്യന്റെ മാതൃകയായിരുന്നു അന്ന്. ഒരു തലമുറക്ക് പൈതൃകമായി ലഭിച്ച അനുഭവങ്ങൾ പകുത്ത് കൊടുക്കുക എന്നതായിരുന്നു അന്നത്തെ രീതി. അതായിരിക്കണം വിദ്യാലയപ്രവർത്തനത്തിന്റെ കാതലായ സേവനം. അതിനു പറ്റുന്ന ശിക്ഷണവും ശേഷിയും നേടിയവരാകണം ഗുരുനാഥർ.

പാഠ്യപദ്ധതിയുടെ വരികൾക്കിടയിൽ വായിക്കപ്പെടുന്ന നല്ല ജീവിതാനുഭവങ്ങളെ കുട്ടികളുടെ കൺമുമ്പിൽ കാണുന്ന യാഥാർഥ്യങ്ങളുമായി താരതമ്യം ചെയ്യാനുള്ള അവസരം ഓരോ പഠനാവസരത്തിലും ഗുരു നാഥൻ പ്രയാജനപ്പെടുത്തണം. അക്ഷരങ്ങളിൽനിന്ന് കിട്ടാത്ത അറിവും ബോധവും സഹവർത്തനങ്ങളിൽ കൂടി കുട്ടിക്ക് കിട്ടണം. എങ്കിൽ മാത്രമെ മതവിദ്യാഭ്യാസ രംഗത്ത് നാം മുടക്കുന്ന മൂലധനത്തിന് അനുസരിച്ചുള്ള പ്രയോജനം സമൂഹത്തിന് ലഭിക്കുകയുള്ളൂ.

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 94973 85707

യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 12

# ക്രൂരതയും മനുഷ്യത്വ വിരുദ്ധതയും ആഹ്വാനം ചെയ്യാൻ ഒരു വേദഗ്രന്ഥമോ?

## തൽമൂദിന്റെ പാഠങ്ങൾ; ഒരു വിശകലനം 2

"കർത്താവ് നിങ്ങളുടെ മുമ്പിൽനിന്ന് ഈ ജനതകളെയെല്ലാം പായിച്ചുകളയും. നിങ്ങളെക്കാളും വലിയവരും ശക്തരുമായ ജനതകളെ നിങ്ങൾ പുറന്തള്ളും. നിങ്ങളുടെ പാദസ്പർശമേൽക്കുന്ന സ്ഥലമെല്ലാം നിങ്ങളുടേതാകും. നിങ്ങളുടെ പ്രദേശം മരുഭൂമി മുതൽ ലെബനോൻവരെയും മഹാനദി, അതായത് യൂഫ്രട്ടീസ് നദിമുതൽ പടിഞ്ഞാറെകരവരെയും ആയിരിക്കും. ഒരാൾക്കും നിങ്ങളെ ചെറുത്തുനിൽക്കാൻ ആവില്ല. നിങ്ങളുടെ ദൈവമായ കർത്താവ് താൻ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, നിങ്ങളെക്കുറിച്ചുള്ള പേടിയും കൊടുംഭീതിയും നിങ്ങളുടെ പാദസ്പർശമേൽക്കുന്ന നാട്ടിലെല്ലാം ഉളവാക്കും..." (ആവർത്തനം 11:23-25).

'ഇസ്രയേൽ' എന്ന പേരിൽ പിൽക്കാലത്ത് ഒരു രാഷ്ട്രം സ്ഥാപിക്കണമെന്ന യഹൂദന്റെ തീരുമാനത്തിന് ഏതാനും വർഷങ്ങളുടെ പഴക്കമല്ല ഉള്ളതെന്ന് ഈ വരികൾ വ്യക്തമാക്കുന്നു. യഹൂദന്റെ പാദസ്പർശമേൽക്കുന്ന സകലമാന ഭൂമികളും ജോർദാനും സിറിയയും ഫലസ്തീനുമുൾപ്പെടുന്ന നല്ലൊരുഭാഗം ഭൂപ്രദേശങ്ങളും പിൽക്കാലത്ത് തങ്ങളുടെ നിയന്ത്രണത്തിലാകണമെന്ന കൃത്യമായ ലക്ഷ്യത്തിലും ഗൂഢാലോചനയിലും യഹൂദർ തങ്ങളുടെ പഴയനിയമത്തിൽ തുന്നിച്ചേർത്തതാണ് ഈ 'വാഗ്ദത്തഭൂമി'



എന്ന സങ്കൽപമെന്ന് ഇതിൽനിന്നുതന്നെ വ്യക്തമാണ്. ഈ വരികളുടെ പിൻബലത്തിലാണ് ഇസ്രയേൽ എന്ന പേരിൽ ഒരു രാഷ്ട്രം സ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കമിട്ടതും അതിന്റെ മറവിൽ അടിസ്ഥാനസമൂഹമായ അറബ് ഫലസ്തീനികളെ അവിടെനിന്നും ആട്ടിപ്പായിച്ചതും വംശീയ ഉന്മൂലനശ്രമം നടത്തിക്കൊണ്ടിരിക്കുന്നതും.

എല്ലാ യുദ്ധങ്ങളും പോരാട്ടങ്ങളും ദൈവത്തിന്റെ വിലാസത്തിലും നിയന്ത്രണത്തിലുമായി പരിചയപ്പെടുത്തുകയെന്ന ഹീനമായ തന്ത്രമാണ് യഹൂദർ ആവിഷ്ക്കരിച്ചിട്ടുള്ളത്. കൊള്ളയും കൊലയും മോഷണവും ചൂഷണവും പിടിച്ചുപറിയുമെല്ലാം ദൈവത്തിന്റെ വിലാസത്തിലും അക്കൗണ്ടിലും വരവുവെക്കുന്നതിലൂടെ ഇതിനെല്ലാം ചോദ്യം ചെയ്യാനാകാത്ത നിലയിലുള്ള പരിശുദ്ധിയും പുണ്യവുമാണ് യഹൂദർ പ്രതീക്ഷിക്കുന്നത്. "അപ്പോൾ കർത്താവു പുറപ്പെട്ടു യുദ്ധദിനത്തിൽ എന്നതുപോലെ ജനതകൾക്കെതിരെ പോരാടും..."(സെഖര്യാവ് 14:03) എന്ന വചനം ഇതിനുള്ള വ്യക്തമായ തെളിവാണ്.

ഇക്കാരണങ്ങളാൽ യഹൂദരുടെ നിഷ്ഠൂരമായ നടപടികൾക്കെതിരിൽ ലോകസമൂഹം ഒന്നിക്കുമ്പോഴെല്ലാം അതിനെതിരിൽ യഹൂദർ ആളെക്കൂട്ടുന്നതും സാമ്പത്തിക സമാഹരണം നടത്തുന്നതും ഈ പഴയനിയമത്തിലെയും തൽമൂദിലെയും സൂത്രവാക്യങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടാണ്. ഫലസ്തീനികളുടെ അവകാശത്തിനു വേണ്ടി എന്നെല്ലാം അറബികൾ യുദ്ധത്തിനു തയ്യാറായിട്ടുണ്ടോ അന്നെല്ലാം യഹൂദ പുരോഹിതന്മാർ ഈ ബൈബിൾ വചനങ്ങളെ ഉയർത്തിക്കാട്ടി ആ സമൂഹത്തെ ഒന്നിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.



നിലവിൽ ഗസ്സയിൽ നടക്കുന്ന ശക്തമായ പോരാട്ടത്തെപ്പോലും ഇത്തരത്തിൽ ആത്മീയവത്ക്കരിച്ച് യുദ്ധത്തിന് അനുകൂലമായ ഒരു മനഃസ്ഥിതി നേടിയെടുക്കാൻ യഹൂദ പുരോഹിതർ ശ്രമിച്ചുവരുന്നുണ്ട്. യുദ്ധത്തിനുപയോഗിക്കുന്ന പടക്കോപ്പുകൾ, ടാങ്കറുകൾ തുടങ്ങിയവയെ തൗറാത്ത് പാരായണംകൊണ്ട് അനുഗ്രഹിച്ചും മന്ത്രിച്ചൂതിയും വേദഗ്രന്ഥത്തിന്റെ പേജുകൾകൊണ്ട് മൂടിയും മറ്റും യഹൂദ പുരോഹിതർ നടത്തിവരുന്ന ആത്മീയ തട്ടിപ്പുകൾ ഇതിന്റെയെല്ലാം ഭാഗമാണ്. ചുരുക്കത്തിൽ, സ്ഥാനത്തും അസ്ഥാനത്തുമെല്ലാം വേദഗ്രന്ഥത്തെ മറയാക്കി തങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കാൻ യഹൂദർ എന്നും മുന്നിലാണെന്ന് വ്യക്തം. യഹൂദ മതത്തിലെ ആത്മീയ-ദൈവിക സങ്കൽപം മൊത്തത്തിൽ ക്രൂരതയുടെയും ഭീകരതയുടെയും പര്യായമാണെന്നതിൽ സംശയമില്ല. നിരപരാധികളുടെ രക്തം ചിന്തുകയും അതിന് ദൈവികപരിവേഷം നൽകുകയും ചെയ്യലാണ് യഹൂദപുരോഹിതന്മാരുടെ മുഖ്യതൊഴിലെന്ന് ബൈബിൾ പഴയനിയമത്തിൽനിന്നും ഏറെക്കുറെ വ്യക്തമാണ്

### പ്രവാചകന്മാരെക്കുറിച്ചുള്ള യഹൂദ സങ്കൽപങ്ങൾ

തികച്ചും വികലമായ നിലയിൽ ദൈവവിശ്വാസം അവത

രിപ്പിച്ച സമൂഹമാണ് യഹൂദർ. ദൈവത്താൽ നിയുക്തരായ പ്രവാചകന്മാരെപ്പോലും ക്രൂരതയുടെ പര്യായങ്ങളായി അവതരിപ്പിക്കാനാണ് യഹൂദർക്ക് താൽപര്യം. ഏതാനും ഉദാഹരണങ്ങൾ നേരത്തെതന്നെ വിശദമാക്കിയിട്ടുള്ളതാണ്.

പ്രവാചകനായ മൂസാ(അ) സ്ത്രീകളെയും കുട്ടികളെയും നിഷ്ക്കരുണം വധിച്ചുകളയാൻ കൽപിച്ചുവെന്നും അവരെ വെറുതെ വിട്ടതിന്റെ പേരിൽ അദ്ദേഹം സേനാധിപതികളോട് കോപിച്ചുവെന്നും ബൈബിൾ പഴയനിയമത്തിൽ കാണാം: "മോശെ ചോദിച്ചു: നിങ്ങൾ സ്ത്രീകളെയെല്ലാം വെറുതെ വിട്ടിരിക്കുന്നുവോ?... എല്ലാ ആൺകുട്ടികളെയും കൊല്ലുക, പുരുഷന്റെ കൂടെ ശയിച്ചിട്ടുള്ള എല്ലാ സ്ത്രീകളെയും വധിക്കുക. എന്നാൽ പുരുഷന്റെ കൂടെ ശയിച്ചിട്ടില്ലാത്ത എല്ലാ പെൺകുട്ടികളെയും നിങ്ങൾക്കായി ജീവനോടെ സൂക്ഷിക്കുക..." (സംഖ്യാപുസ്തകം 31:14-19).

"കർത്താവ് മോശയോട് അരുൾ ചെയ്തപ്രകാരം അദ്ദേഹം പുരുഷന്മാരെയെല്ലാം കൊന്നൊടുക്കി. അഞ്ചു രാജാക്കന്മാരെയും ബെയോറിന്റെ പുത്രനായ ബിലെയാമിനെയും അവർ വാളിന്ന് ഇരയാക്കി. മിദ്യാനിലെ സ്ത്രീകളെയും കുട്ടികളെയും ഇസ്രായേൽക്കാർ തടവുകാരാക്കി. ആടുമാടുകളും സകല സമ്പത്തും അവർ കൊള്ളയടിച്ചു. അവർ പാർത്തിരുന്ന എല്ലാ നഗരങ്ങളും എല്ലാ പാളയങ്ങളും ഇസ്രയേൽക്കാർ ചുട്ടെരിച്ചു...." (സംഖ്യാപുസ്തകം 31:07-12).

കൈയടക്കുക, ഇരയാക്കുക, ചുട്ടെരിക്കുക തുടങ്ങിയ ഉന്മൂലന സിദ്ധാന്തങ്ങളെ സൂചിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വാക്യങ്ങൾ യഹൂദരുടെ സുവിശേഷങ്ങളിൽ വ്യാപകമാണ്; വിശിഷ്യാ പഴയനിയമത്തിൽ. ഈ പ്രയോഗങ്ങൾ വ്യാപകമായി ഉപയോഗിച്ചിട്ടുള്ള 8 സ്ഥലങ്ങൾ പരിശോധിച്ചതിൽ എട്ടിലും ഉന്മൂലനത്തെയാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് കാണാൻ സാധിച്ചു. വിവിധ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ബൈബിൾ പഴയനിയമം ഇതിനായി പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.

"റബ്ബ പിടിച്ചടക്കിയ ദാവീദ് പട്ടണം കൊള്ളയടിച്ചതും അതിലെ നിവാസികളെ അയാൾ അറപ്പുവാൾക്കാരും കുന്താലിക്കാരും കോടാലിക്കാരുമാക്കി. അവരെ ഇഷ്ടികച്ചൂളയിൽ പണിചെയ്യിച്ചു. അമ്മോനിയരുടെ നഗരങ്ങളിലെല്ലാം ഇതുതന്നെ അയാൾ ചെയ്തു..." (ശാമുവേൽ 12:26-31).

നിരവധി പ്രവാചകന്മാരെയാണ് യഹൂദർ ക്രൂരമായി കൊലപ്പെടുത്തിയത്. ദാനിയാൽ, യഹിയ, സഖരിയ്യ തുടങ്ങിയവർ യഹൂദരുടെ കരാളഹസ്തങ്ങൾക്കിരയായി. ദൈവിക നിർദേശങ്ങളനുസരിച്ച് ജനങ്ങൾക്ക് വേദോപദേശങ്ങൾ നൽകിയ യിരമ്യാ പ്രവാചകനെ ഇവർ കൊലപ്പെടുത്താൻ ശ്രമിച്ചു. ഒരു തവണയല്ല, പലതവണ ഈ സംഭവം ആവർത്തിച്ചു. "കർത്താവിന്റെ ആലയത്തിൽ യിരമ്യാ വചനങ്ങൾ സംസാരിക്കുന്നത് പുരോഹിതരും പ്രവാചകരും സർവ്വജനങ്ങളും കേട്ടു. എല്ലാ ജനങ്ങളോടും പറയണമെന്ന് കർത്താവ് കൽപ്പിച്ചിരുന്നവയെല്ലാം യിരെമ്യാ സംസാരിച്ചു കഴിഞ്ഞപ്പോൾ, പുരോഹിതന്മാരും പ്രവാചകന്മാരും സർവ്വജനങ്ങളും ചേർന്ന് അദ്ദേഹത്തെ പിടികൂടി പറഞ്ഞു: നീ മരിക്കണം, ഈ ആലയം ശീലോയെപ്പോലെയാകും. ഈ നഗരം നിവാസികളില്ലാതെ ശൂന്യമാകും എന്ന് നീ എന്തിന് കർത്താവിന്റെ നാമത്തിൽ പ്രവചിച്ചു..." (യിരെമ്യാ. 26: 7-9).

> സ്ഥാനത്തും അസ്ഥാനത്തുമെല്ലാം വേദഗ്രന്ഥത്തെ മറയാക്കി തങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കാൻ യഹൂദർ എന്നും മുന്നിലാണെന്ന് വ്യക്തം. യഹൂദമതത്തിലെ ആത്മീയ-ദൈവിക സങ്കൽപം മൊത്തത്തിൽ ക്രൂരതയുടെയും ഭീകരതയുടെയും പര്യായമാണെന്നതിൽ സംശയമില്ല. നിരപരാധികളുടെ രക്തം ചിന്തുകയും അതിന് ദൈവികപരിവേഷം നൽകുകയും ചെയ്യലാണ് യഹൂദപുരോഹിതന്മാരുടെ മുഖ്യതൊഴിലെന്ന് ബൈബിൾ പഴയനിയമത്തിൽനിന്നും ഏറെക്കുറെ വ്യക്തമാണ്

ഈസബിൻ മർയമി(അ)നെ ജീവിതകാലം മുഴുവനും പീഡനപരമ്പരകളുമായി പിന്തുടർന്നത് യഹൂദരാണ്. അവർ അദ്ദേഹത്തെ കുരിശിലേറ്റി വധിക്കാൻ ശ്രമിച്ചുവെങ്കിലും അദ്ദേഹത്തിന്റെ പരിശുദ്ധിയെ അല്ലാഹു സംരക്ഷിച്ചു. യഹൂദർ അദ്ദേഹത്തെപ്പറ്റി പ്രചരിപ്പിച്ച അപവാദങ്ങൾ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. കഥയറിയാതെ ഒരുവിഭാഗം ക്രിസ്ത്യാനികളും

യഹൂദരുടെ ഈ ആരോപണങ്ങളെ ചുമന്നുനടക്കുന്നു. മർയമിന്റെ പുത്രനോട് സമാനതകളില്ലാത്ത വംശീയതയും ക്രോധവും പുലർത്തുന്ന യഹൂദർ അദ്ദേഹത്തെ ഒരു പ്രവാചകനായി അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല, ക്രിസ്ത്യാനികളോട് അവർക്ക് തികഞ്ഞ ക്രോധവും വിദ്വേഷവുമാണ്.

നിലവിലെ മധ്യേഷ്യൻ രാഷ്ട്രീയം കലുഷിതമാകുമ്പോൾ യഹൂദർ ഉയർത്തിക്കാട്ടുന്ന മുഖ്യ തുറുപ്പുചീട്ടാണ് 'ഇസ്രായേലിന്റെ മക്കൾ-ദൈവമക്കൾ' എന്ന മുദ്രാവാക്യം. ഇത് യുദ്ധസമാനമായ സാഹചര്യത്തിൽ മാത്രമാണ് യഹൂദർക്ക് ഓർമവരാറുള്ളത്. സ്വന്തം നിലനിൽപിനും യൂറോപ്പിൽനിന്നുള്ള സാമ്പത്തിക സമാഹരണത്തിനുമായി യഹൂദർ വ്യാപകമായി പ്രചരിപ്പിക്കുന്ന ഈ 'അവിശുദ്ധ വാക്യം' ചരിത്രമറിയാതെയും പൊരുൾ മനസ്സിലാക്കാതെയും ഒരുവിഭാഗം ക്രിസ്ത്യാനികൾ ചുമന്നുനടക്കുന്നു. നിലവിലെ പോരാട്ടത്തിനി



ടയിൽ ഗസ്സയിൽ തകർത്തെറിഞ്ഞ കെട്ടിടങ്ങൾക്കിടയിൽ ക്രിസ്ത്യാനികളുടെ നിരവധി ചർച്ചുകളുമുണ്ടെന്ന വസ്തുതയെ 'കാസ-ക്രിസംഘി'കൾക്കുപോലും നിഷേധിക്കാൻ സാധിക്കാത്ത നിലയിലാണ് അന്താരാഷ്ട്ര മീഡിയകൾ ഉയർത്തിക്കാട്ടിയത്.

ഗസ്സയിലെ മുസ്‌ലിം ഉന്മൂലനത്തിനെതിരെ പ്രതിഷേധവും പ്രതിരോധവുമായി രംഗത്തു വന്നവരിൽ യഹൂദക്രൂരതയുടെ ചരിത്രം പഠിച്ച് മനസ്സിലാക്കിയ നിരവധി ക്രൈസ്തവ സഹോദരങ്ങളുമുണ്ടെന്ന യാഥാർഥ്യം മുസ്‌ലിം സമൂഹത്തിനൊരിക്കലും വിസ്മരിക്കാനാവില്ല. യുദ്ധം തകർത്തെറിഞ്ഞ ഫലസ്തീനിലെ ബേത്‌ലഹേം പട്ടണത്തിൽ യേശു പിറന്നുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന പ്രദേശങ്ങളിലെല്ലാം ഇത്തവണ കാലിത്തൊഴുത്തിനും പുൽക്കൂടിനും പകരം ഒരുക്കപ്പെട്ടത് തകർക്കപ്പെട്ട കോൺക്രീറ്റ് കഷ്ണങ്ങൾ കൊണ്ടുള്ള പുൽക്കൂടുകളാണ്. മുസ്‌ലിം സമൂഹത്തോടുള്ള സപ്പോർട്ടും യഹൂദരുടെ ക്രൂരമനസ്സിനോടുള്ള പ്രതികരണവുമായിരുന്നു ഈ ചിത്രീകരണത്തിനു പിന്നിൽ. കാസ-ക്രിസംഘികൾ ഇതൊന്നും കണ്ടഭാവം പോലും നടിച്ചിട്ടില്ല.

## ഈസബ്നു മർയമിനെയും മുഹമ്മദ് നബിയെയും അപകടപ്പെടുത്താൻ ശ്രമം

ഇബ്നു മർയമി(അ)നെ അപായപ്പെടുത്താൻ ശ്രമിച്ച യഹൂദർ മുഹമ്മദ് നബി(സ)യെയും അപായപ്പെടുത്താൻ ശ്രമിച്ചിരുന്നു. മുഹമ്മദ് നബി(സ)യുടെ ജനനത്തെ പോലും യഹൂദർ വളരെ അപകടകരമായ ഒരു പ്രതിഭാസമായിട്ടാണ് വീക്ഷിച്ചിരുന്നത്. അതിനാൽ അദ്ദേഹത്തെ തുടക്കത്തിലേ ഇല്ലായ്മ ചെയ്യാനുള്ള കരുക്കൾ അവർ നീക്കിയിരുന്നതായി ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നു.

ഏകദേശം പന്ത്രണ്ട് വയസ്സ് പ്രായമുള്ള സമയത്ത് അനാഥനായിരുന്ന മുഹമ്മദ് തന്റെ രക്ഷിതാവും സംരക്ഷകനുമായ അബൂത്വാലിബിനും ഖുറൈശി വ്യാപാരസംഘത്തിനുമൊപ്പം ശാമിലേക്ക് കച്ചവടത്തിനായി യാത്ര തിരിച്ചു. യാത്രാമധ്യെ അവർ ഒരു വേദപുരോഹിതനെ കണ്ടുമുട്ടി. അവിടെ അവർ വിശ്രമിക്കാൻ തീരുമാനിച്ചു. കച്ചവട സാമഗ്രികൾ ഇറക്കിവച്ചു. യാത്രക്കാർ പുരോഹിതനെ അദ്ദേഹത്തിന്റെആശ്രമത്തിൽ ചെന്ന് സന്ദർശിക്കുന്നതായിരുന്നു പതിവ്. എന്നാൽ ഈ സംഘത്തെ കണ്ടപ്പോൾ പുരോഹിതൻ അവരിലേക്ക് ഇറങ്ങിവരികയും അവരെ സ്വാഗതം ചെ

യ്യുകയും ചെയ്തു.

ബാലനായ മുഹമ്മദിനെ കണ്ട് പുരോഹിതൻ അദ്ദേഹത്തിന്റെ കരങ്ങളിൽ പിടിച്ച് ഇങ്ങനെ ഉരുവിട്ടു: “ഇത് ലോകത്തിന്റെ നേതാവാണ്. സർവലോക രക്ഷിതാവ് പ്രവാചകനായി നിയോഗിച്ച വ്യക്തിയാണ്. ലോകത്തിനാകമാനം കരുണയും കാരുണ്യവുമായിട്ടാണ് ഇദ്ദേഹത്തിന്റെ നിയോഗം...” അത്ഭുതത്തോടെ ഖുറൈശി പ്രഭുക്കന്മാർ പുരോഹിതനോട് ‘താങ്കൾക്ക് ഇതെങ്ങനെ മനസ്സിലായി’ എന്ന് അന്വേഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ അഖബയിൽനിന്നും യാത്രപുറപ്പെട്ട സമയംമുതൽ എല്ലാ കല്ലുകളും മരങ്ങളും സുജൂദിലായിരുന്നു. ഒരു പ്രവാചകനു വേണ്ടി മാത്രമെ ഇങ്ങനെ സംഭവിക്കുകയുള്ളൂ. ഇദ്ദേഹത്തിന്റെ തോളിന്റെ ഭാഗത്ത് ഒരു ചെറിയ ആപ്പിൾ വലിപ്പത്തിൽ പ്രവാചകത്വത്തിന്റെ അടയാളം പ്രകടമാണ്...”

പിന്നീട് പുരോഹിതൻ പ്രസ്തുത കച്ചവടസംഘത്തിന് ഭക്ഷണമൊരുക്കിക്കൊടുത്തു. ഈ ബാലനെ റോമക്കാരുടെ ശ്രദ്ധയിൽപ്പെടാതെ സംരക്ഷിക്കണമെന്നും, അവർ ഈ കുട്ടിയെ അപകടത്തിൽപെടുത്താൻ സാധ്യതയുണ്ടെന്നും പുരോഹിതൻ അവർക്ക് മുന്നറിയിപ്പ് നൽകി. ഈ സമയം തന്നെ ഈ അത്ഭുതബാലനെ അന്വേഷിച്ചുകൊണ്ട് റോമാ ചക്രവർത്തിയുടെ പടയാളികൾ അവിടെ എത്തിയിരുന്നു. സത്യസന്ധനായ പുരോഹിതനിൽനിന്നും മുഹമ്മദ് നബിയുടെ നുബുവ്വത്തിന്റെയും രിസാലത്തിന്റെയും സന്ദേശം മനസ്സിലാക്കിയ റോമൻ സൈനികർ പുരോഹിതന്റെ സത്യസന്ധമായ നിർദേശങ്ങളെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തു. പുരോഹിതൻ അവരെയും കേക്കും വെണ്ണയും നൽകി സൽക്കരിച്ചു.

ഈ ബാലൻ ശത്രുക്കളുടെ കണ്ണിൽ പെട്ടാലുണ്ടാകുന്ന അപകടങ്ങളെപ്പറ്റി പുരോഹിതനിൽനിന്നും മുന്നറിയിപ്പ് ലഭിച്ച ഖുറൈശി പ്രമാണിമാർ പിന്നീട് അബൂബക്കർ സ്വിദ്ദീഖ്, ബിലാൽ എന്നിവർക്കൊപ്പം മുഹമ്മദി(സ്വ)നെ മക്കയിലേക്ക് സുരക്ഷിതനായി മടക്കിയയച്ചു.

ശാമിലേക്കുള്ള യാത്രാമധ്യെ ബുസ്റാ എന്ന സ്ഥലത്തുവച്ച് കണ്ടുമുട്ടിയ വേദവിജ്ഞാനിയായ അദ്ദേഹത്തിന്റെ യഥാർഥ പേര് ജുർജിസ് എന്നായിരുന്നുവെങ്കിലും ‘ബുഹൈറാ പുരോഹിതൻ’ എന്ന പേരിലാണ് ക്രിസ്ത്യാനിയായ അദ്ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നത്. ഈ സംഭവത്തിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും പ്രമുഖന്മാരായ പല ചരിത്രപണ്ഡിതന്മാരും ഈ സംഭവം അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

> യുദ്ധം തകർത്തെറിഞ്ഞ ഫലസ്തീനിലെ ബേത്‌ലഹേം പട്ടണത്തിൽ യേശു പിറന്നുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന പ്രദേശങ്ങളിലെല്ലാം ഇത്തവണ കാലിത്തൊഴുത്തിനും പുൽക്കൂടിനും പകരം ഒരുക്കപ്പെട്ടത് തകർക്കപ്പെട്ട കോൺക്രീറ്റ് കഷ്ണങ്ങൾ കൊണ്ടുള്ള പുൽക്കൂടുകളാണ്. മുസ്‌ലിം സമൂഹത്തോടുള്ള സപ്പോർട്ടും യഹൂദരുടെ ക്രൂരമനസ്സിനോടുള്ള പ്രതികരണവുമായിരുന്നു ഈ ചിത്രീകരണത്തിനു പിന്നിൽ. കാസ-ക്രിസംഘികൾ ഇതൊന്നും കണ്ടഭാവം പോലും നടിച്ചിട്ടില്ല.

മുഹമ്മദ്(സ്വ) പിൽക്കാലത്ത് ജനങ്ങളെ പാരായണം ചെയ്തു കേൾപിച്ച വേദോപദേശങ്ങൾ പുരോഹിതനായ ബുഹൈറയിൽനിന്നും കണ്ടതും കേട്ടതുമാണെന്ന് ഒരുപറ്റം യഹൂദരും കഥയറിയാത്ത നസ്വാറാക്കളും പ്രചരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ആത്മപ്രതിരോധത്തിനുവേണ്ടി അവർ മെനെഞ്ഞെടുക്കുന്ന നനഞ്ഞപടക്കങ്ങൾ മാത്രമാണ് ഇവകളെന്ന് ബുദ്ധിയും വിവേകവുമുള്ളവർക്ക് തിരിച്ചറിയാൻ സാധിക്കും.

പുരോഹിതനായ ബുഹൈറയിൽനിന്നും ഇങ്ങനെയുള്ള വേദോപദേശങ്ങൾ മുഹമ്മദ്(സ്വ) കോപ്പിയടിക്കണമെങ്കിൽ, ബുഹൈറയുടെ കൈവശമുള്ള വേദഗ്രന്ഥത്തിലും അദ്ദേഹത്തിന്റെ അറിവിലും ഇത്തരം അറിവുകൾ സ്വാഭാവികമായും ഉണ്ടായിരിക്കണം. മുഹമ്മദ് നബിയിൽ നുബുവ്വത്തിന്റെയും രിസാലത്തിന്റെയും അടയാളങ്ങൾ പ്രകടമായി ദർശിച്ച ബുഹൈറയെയെങ്കിലും യഹൂദരും ക്രിസ്ത്യാനികളും അംഗീകരിക്കാൻ തയ്യാറായാൽ അവർക്ക്, വഴിയെ മുഹമ്മദ് നബി(സ്വ)യെ കണ്ടെത്താനാകുമെന്നതിൽ സംശയമില്ല. ■



മൂസ സ്വലാഹി കാര
: 97473 45768

# ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ

അഹ്‌ലുസ്സുന്നയുടെ പേരിൽ അഭിനയിക്കുകയും ശിയാ പാരമ്പര്യത്തിലൂന്നി അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന സമസ്തയുടെ പുരോഹിതന്മാർ സലഫികളുടെ ആദർശമുന്നേറ്റത്തെ തകർക്കാൻ ആവതും പരിശ്രമിക്കുന്നവരാണ്. അതിക്രമകാരികളെ സംബന്ധിച്ച് ക്വുർആൻ നൽകിയ താക്കീതാണ് അവരോടായി ഉണർത്താനുള്ളത്.

ആദർശ സംസ്കരണവും പ്രമാണസംരക്ഷണവും ഏറ്റവും വലിയ ബാധ്യതയായിക്കണ്ട്, അഹ്‌ലുസ്സുന്ന വൽജമാഅയുടെ യഥാർഥ പാരമ്പര്യം സമൂഹത്തിൽ നിലനിർത്തുന്നവരാണ് സലഫികൾ. ആശയവ്യതിയാനങ്ങളെ പ്രാമാണികമായി കൈകാര്യം ചെയ്യുന്നതിനാൽതന്നെ അനുഭാവികൾ സത്യത്തെ തിരിച്ചറിവോടെ സ്വീകരിക്കുകയും ശത്രുക്കൾ അമർഷത്തോടെ എതിർക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ഇന്നുവരെയുള്ള ചരിത്രത്തിൽ എതിർപ്പുകൾക്ക് മുമ്പിൽ പരിഭ്രമിച്ച് നന്മനിറഞ്ഞ പ്രവർത്തനങ്ങൾ നിർത്തി വെച്ച സന്ദർഭമുണ്ടായിട്ടില്ല. അഹ്‌ലുസ്സുന്നയുടെ പേരിൽ അഭിനയിക്കുകയും ശിയാ പാരമ്പര്യത്തിലൂന്നി അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന സമസ്തയുടെ പുരോഹിതന്മാർ സലഫികളുടെ ആദർശമുന്നേറ്റത്തെ തകർക്കാൻ ആവതും പരിശ്രമിക്കുന്നവരാണ്. അതിക്രമകാരികളെ സംബന്ധിച്ച് ക്വുർആൻ നൽകിയ താക്കീതാണ് അവരോടായി ഉണർത്താനുള്ളത്. അല്ലാഹു പറയുന്നു: "അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിച്ചുപോകരുത്; ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ (കൽപന)" (ക്വുർആൻ 26:151,152).

ഇബ്നു കസീർ(റഹ്) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "ശിർക്കിലേക്കും അവിശ്വാസത്തിലേക്കും സത്യത്തെ എതിർക്കുന്നതിലേക്കും അവരെ വിളിക്കുന്ന നേതാക്കളും പ്രമുഖരുമാണിതിന്റെ ഉദ്ദേശ്യം."

2024 ജനുവരി 1-15 ലക്കം 'സുന്നിവോയ്സി'ൽ പ്രമുഖനായ ഒരു മുസ്‌ലിയാർ എഴുതിയ 'വഹാബിസത്തിന്റെ അപനിർമിതികൾ' എന്ന ലേഖനം ശുദ്ധ അസംബന്ധവും ആക്ഷേപാർഹവുമാണ്. സലഫികളെ ഇകഴ്ത്തുവാൻ വേണ്ടി, തനിച്ച സൂഫി ആചാര്യനായ മുഹമ്മദ് സഈദ് റമദാൻ അൽബൂത്വി എഴുതിയ 'അസ്സലഫിയ്യ' എന്ന പുസ്തകം വായിച്ചതിന്റെ ഓർമയായി ലേഖകൻ പറയുന്നത് കാണുക:

"നാൽപത് വർഷങ്ങൾക്ക് മുമ്പാണെന്നോർക്കണം. സല

ഫികൾ അഴിച്ചുവിടുന്ന തീവ്രവാദ ശ്രമങ്ങളെയോർത്ത് പ്രബോധകർ വേപഥുപ്പെടുന്നു. ഇസ്‌ലാമിന്റെ സൽപ്പേര് കളങ്കപ്പെടുന്നതോർത്ത് ദുഃഖിക്കുന്നു. എന്തു ചെയ്യും? ലോകമാകെ ഇന്ന് ഇതാണ് സ്ഥിതി! ഇസ്‌ലാമിക ദർശനത്തിന്റെ സൗന്ദര്യം പ്രബോധിതജനത കാണാതെ പോകുന്നു. ആക്രമണോത്സുകമെന്നും യുദ്ധോത്സുകമെന്നും ആ സമാധാന സന്ദേശം മുദ്രകുത്തപ്പെടുന്നു. സ്വാഭാവികമായ പ്രബോധന പ്രക്രിയക്ക് ആഘാതമേൽക്കുന്നു. മുരടിച്ചു നിൽക്കുന്ന ഇസ്‌ലാമാണല്ലോ ശത്രുവിന് പഥ്യം. നിർഭാഗ്യകരമെന്ന് പറയാം, സലഫികൾ അത് നേടിക്കൊടുക്കുന്നു. ഇസ്‌ലാംഭീതി പരത്തുന്നത് സാമ്രാജ്യത്വം മാത്രമല്ല, സലഫികളും ചേർന്നാണ്'' (പേജ് 8,9).

മുസ്‌ലിയാർ ശിയാവിശ്വാസത്തിലായതുകൊണ്ട് വ്യാജം പറയാൻ ബൂത്വിയുടെ ഗ്രന്ഥത്തെ അവലംബിച്ചതിൽ അത്ഭുതമൊന്നുമില്ല. അദ്ദേഹത്തിനും അദ്ദേഹത്തെ പോലുള്ളവർക്കും അഹ്‌ലുസ്സുന്ന വൽജമാഅയുമായി ബന്ധമില്ലല്ലോ എന്നതിലാണ് സലഫികൾ ആശ്വസിക്കുന്നത്. സത്യം തുറന്നു പറഞ്ഞതിനാൽ നബി(സ്വ)യെ ആക്ഷേപിക്കുകയും

**അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാസമരം നടത്തിയ മഹാനായിരുന്നു ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ്(റഹ്). അതുകൊണ്ടുതന്നെ അദ്ദേഹത്തെ ഇവർക്കു കണ്ടുകൂടാ. അന്ധവിശ്വാസങ്ങളെ ചെറുക്കുന്നതിൽ മുമ്പിൽ നിന്ന, മദീനയുടെ കിഴക്കുഭാഗത്ത് ജനിച്ച ഇമാമുമാരായ സുഫ്‌യാനുസ്സൗരി(റഹ്), അബൂ ഹനീഫ(റഹ്), അഹ്‌മദുബ്നു ഹമ്പൽ(റഹ്) എന്നിവരെയും ഇവർ കുറ്റപ്പെടുത്തുമോ? അവരെയും ശൈത്വാന്റെ കൊമ്പുകളാക്കി പരിചയപ്പെടുത്തുമോ?**

അസഭ്യം പറയുകയും ചെയ്ത മുശ്‌രിക്കുകളുടെയും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കെതിരെ അക്രമം അഴിച്ചുവിട്ട ശിയാക്കളുടെയും പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടേ ഇതിനെ കാണാനാകൂ. കാരണം, ആദർശരംഗത്ത് സമസ്തയുടെ മാതൃക ഇവരൊക്കെയാണ്. ഇത്തരക്കാർക്ക് നേർവഴി കണ്ടെത്താനോ രക്ഷപ്രാപിക്കാനോ കഴിയില്ല. അല്ലാഹു പറയുന്നു: "(നബിയേ,) നോക്കൂ; എങ്ങനെയാണ് അവർ നിനക്ക് ഉപമകൾ പറഞ്ഞുണ്ടാക്കിയതെന്ന്. അങ്ങനെ അവർ പിഴച്ചുപോയിരിക്കുന്നു. അതിനാൽ അവർക്ക് ഒരു മാർഗവും പ്രാപിക്കാൻ സാധിക്കുകയില്ല'' (17:48).

മുസ്‌ലിയാർ കളവിലൂടെ കാര്യം സാധിക്കുന്നത് കാണുക: "ശാം രാജ്യങ്ങൾ അനുഗൃഹീതമായിരുന്നു. തിരുനബി(സ) ആ നാടിനും നാട്ടുകാർക്കും വേണ്ടി പ്രാർഥിച്ചല്ലോ. എന്നാൽ നജ്ദിനുവേണ്ടി അവിടുന്ന് പ്രാർഥിച്ചില്ലെന്നു മാത്രമല്ല, അവിടെ പിൽക്കാലത്ത് പിശാചിന്റെ കൊമ്പ് പ്രത്യക്ഷമാകുമെന്ന് പ്രവചിക്കുകയും ചെയ്തു. വഹാബ് എന്നത് അല്ലാഹുവിന്റെ വിശുദ്ധ നാമമാണ്. നജ്ദിൽ പിറന്ന ഇബ്നു അബ്ദിൽ വഹാബ്



ഈ പേരു സ്വീകരിച്ചതോടെ അത് വഹാബിയായി, വഹാബിസമായി. ഇപ്പോൾ ആഗോള ഭീകരവാദത്തിന്റെ വിളിപ്പേരായി മാറി. മുജാഹിദ്, സലഫി തുടങ്ങിയ മനോഹര പദങ്ങളും ഇങ്ങനെ അർഥപരിണാമങ്ങൾ സംഭവിച്ചവയാണ്'' (പേജ് 9).

എന്താണ് നജ്ദ്? നബി(സ്വ) തന്റെ പ്രാർഥനയിൽ ആ പ്രദേശത്തെ എന്തുകൊണ്ട് ഉൾപ്പെടുത്തിയില്ല? ഇതൊന്നും ഇവർ പഠിക്കുന്നില്ല. അല്ലെങ്കിൽ വസ്തുത മനസ്സിലാക്കിയിട്ടും അത് മൂടിവെക്കുകയാണ്. അതുമല്ലെങ്കിൽ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ അസംബന്ധങ്ങൾ പ്രചരിപ്പിക്കുകയാണ്.

'നജ്ദ്' എന്ന് ഭൂമിയിൽനിന്ന് ഉയർന്നുനിൽക്കുന്ന എല്ലാ ഭാഗങ്ങൾക്കും പൊതുവായി പറയുമെന്ന വിവരം പോലും മുസ്‌ലിയാർക്കില്ല. മദീനയുടെ കിഴക്കുഭാഗത്തിനുവേണ്ടിയാണ് നബി(സ്വ) പ്രാർഥിക്കാതിരുന്നത്. അവിടെനിന്നാണ് വലിയരൂപത്തിലുള്ള കുഴപ്പങ്ങൾക്ക് തുടക്കമാവുക. ദജ്ജാലിന്റെ പുറപ്പെടൽ, പ്രവാചകത്വവാദികളുടെ വരവ്,



പിഴച്ചവിഭാഗങ്ങളായ ഖവാരിജുകൾ, ശിയാക്കൾ, റാഫിദികൾ, കറാമികൾ, ഖാദിയാനികൾ, ബഹായികൾ എന്നിവയെല്ലാം ഉടലെടുത്തത് അവിടെനിന്നാണ്.

മദീനയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തുള്ള നജ്ദിലെ യമാമയിലുള്ള ഉയയ്ന എന്ന ഗ്രാമത്തിൽ ജനിച്ച ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ്(റഹ്) തൗഹീദിന്റെ മാർഗത്തിലെ പടയാളിയായിരുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാസമരം നടത്തിയ മഹാനായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തെ ഇവർക്കു കണ്ടുകൂടാ. അന്ധവിശ്വാസങ്ങളെ ചെറുക്കുന്നതിൽ മുമ്പിൽ നിന്ന, മദീനയുടെ കിഴക്കുഭാഗത്ത് ജനിച്ച ഇമാമുമാരായ സുഫ്‌യാനുസ്സൗരി(റഹ്), അബൂ ഹനീഫ(റഹ്), അഹ്മദുബ്നു ഹമ്പൽ(റഹ്) എന്നിവരെയും ഇവർ കുറ്റപ്പെടുത്തുമോ? അവരെയും ശൈത്വാന്റെ കൊമ്പുകളാക്കി പരിചയപ്പെടുത്തുമോ?

സലഫികളെ ആഗോള ഭീകരവാദികളാക്കി മുദ്രകുത്തുന്ന കളികളെ തിരിച്ചറിവ് നഷ്ടപ്പെട്ടിട്ടില്ലാത്തവർ വിലയിരുത്തിയിട്ടുണ്ട്. 2001 ഒക്ടോബർ മാസം സെൻസിംഗ് മാസികയിൽ ഇക്കൂട്ടർ ഉസാമ ബിൻലാദനെ 'കനൽപഥങ്ങളിലെ സിംഹം' എന്ന് പ്രകീർത്തിച്ചത് മറന്നുപോയോ? 1992 മുതൽ കേരളത്തിൽ 'സുന്നി ടൈഗർ ഫോഴ്സ് ജംഇയ്യത്തിൽ ഇഹ്സാനിയ്യ' എന്ന പേരിൽ സാക്ഷാൽ കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്ന ഭീകരസംഘടനയെയും അത് നടത്തിയ അക്രമങ്ങളെയും അതിൽ കുടുങ്ങിയ മുസ്‌ലിയാക്കന്മാരെയും എന്തു പേരിട്ട് വിളിക്കും? ഇരുവിഭാഗം സമസ്തകളുടെയും പള്ളികൾ, മദ്റസകൾ, ജാറങ്ങൾ, ആഘോഷ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടന്ന സംഘർഷങ്ങളെയും കൊലപാതകങ്ങളെയും സമാധാന പ്രവർത്തനങ്ങളിലാണോ ഉൾപെടുത്തേണ്ടത്? മുസ്‌ലിംകൾക്കിടയിൽ വിഭാഗീയത സൃഷ്ടിച്ചുകൊണ്ട് ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തിയടക്കമുള്ളവർ 1930ൽ എഴുതി പാസ്സാക്കിയ 'ബന്ധവിച്ഛേദന പ്രമേയം' ഓർക്കുന്നതും നല്ലതാണ്. ഇതെല്ലാം സമസ്ത മുശാവറയിൽ ചർച്ചക്ക് വെക്കുന്നത് നല്ലതാണ്. അന്ധമായ വിരോധത്താൽ മുസ്‌ലിയാക്കന്മാർ അസത്യങ്ങൾ എഴുതിവിടുമ്പോൾ ഇതെല്ലാം ഓർമപ്പെടുത്താൻ നിർബന്ധിതമാവുകയാണ്.

മുസ്‌ലിയാരുടെയുള്ളിലെ അസഹിഷ്ണുത പുറത്തേക്ക് തികട്ടിവരുന്നത് കാണുക: "വിശുദ്ധ ക്വുർആൻ 2:11ൽ പരിചയപ്പെടുത്തിയ അറേബ്യൻ കപടവിശ്വാസികളുടെ അവകാശവാദങ്ങൾ സമാന സ്വഭാവമുള്ളതാണെന്ന് വന്നതോടെ ജിഹാദിലേക്കും വഹാബിയിലും മുജാഹിദീനിലും തീവ്രവാദം മണത്തതോടെ സലഫിയിലേക്കും ആഗോള തീവ്രവാദം സലഫിസത്തിന്റെ തോലണിഞ്ഞതോടെ ഇപ്പോൾ വിസ്ഡം ഉൾപ്പെടെയുള്ള ആങ്കലേയ സ്വാതന്ത്ര്യത്തിലേക്കും ഈ നാമപരിണാമങ്ങൾ പടരുകയാണ്" (പേജ് 9).

ഇതിന് മറുപടിയായി ആദ്യം പറയാനുള്ളത് 'അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും' (113:5) കാവൽ തേടാൻ അല്ലാഹു പഠിപ്പിച്ച വചനമാണ്. മുസ്‌ലിം സമൂഹത്തിൽ മത-ഭൗതിക രംഗത്ത് നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചവരും സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയവരുമാണ് സലഫികൾ. ഇടക്ക് വലിഞ്ഞുകയറിവന്ന് നവോത്ഥാനത്തിന്റെ പിതൃത്വം അവകാശപ്പെട്ട വിഭാഗമാണ് സമസ്ത. തങ്ങളുടെ കഴിഞ്ഞകാല അറുപിന്തിരിപ്പൻ നിലപാടുകൾ പുതുതലമുറ അറിയുന്നത് ഇവർക്ക് നാണക്കേടുണ്ടാക്കുന്നതാണ്. അതുകൊണ്ടാണ് സമുദായത്തിൽ ഇന്നു കാണപ്പെടുന്ന അഭിവൃദ്ധിയുടെയെല്ലാം കാരണക്കാർ തങ്ങളാണെന്നു വരുത്തിത്തീർക്കാൻ സമസ്തക്കാർ പരിശ്രമിക്കുന്നത്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും അതിന്റെ പോഷക ഘടകങ്ങളും തുടരെത്തുടരെ നടത്തിവരുന്ന പ്രബോധന പ്രവർത്തനങ്ങളും വൈജ്ഞാനിക പരിപാടികളും സമൂഹത്തിലുണ്ടാക്കുന്ന ചലനങ്ങൾ ചെറുതല്ല. തങ്ങളുടെ ആത്മീയ ചൂഷണ പദ്ധതികൾ അതുവഴി മുരടിക്കുന്നത് നേരിൽ കാണുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന പ്രതികരണമാണ് മുസ്‌ലിയാർ വിസ്ഡത്തിനെതിരെ നടത്തിയിട്ടുള്ളത്. പേരു മാറ്റമാണ് മുസ്‌ലിയാരുടെ മറ്റൊരു പരാതി. സലഫികൾ മതവിരുദ്ധമായി ഒരു പേരും സ്വീകരിച്ചിട്ടില്ല. ആദ്യത്തെ കൂട്ടായ്മയുടെ പേര് 'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ' എന്നായിരുന്നു. ആ പേരിന്റെ ആശയത്തിന്റെ തനിമ ചോരാതെതന്നെയാണ് ഇന്നും പ്രവർത്തിച്ചുവരുന്നത്.

*(അവസാനിച്ചില്ല)*

അർഷദ് അൽഹികമി, താനൂർ
: 79945 87959

# അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത



"നിങ്ങൾ അറിയുക; ഒരു ഉമ്മാക്ക് തന്റെ കുഞ്ഞിനോടുള്ള കാരുണ്യത്തെക്കാൾ അല്ലാഹുവിന് തന്റെ അടിമകളോടുണ്ട്."

സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

മുഹമ്മദ് നബി(സ്വ)യുടെ കാലത്ത് മുസ്‌ലിംകൾക്ക് ശത്രുക്കളുമായി ചില സന്ദർഭങ്ങളിൽ യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു എന്ന ഒരേയൊരു കാരണത്താലാണ് സ്വന്തം നാട്ടുകാർ നബി(സ്വ)യെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും ശത്രുക്കളായി കണ്ടതും പലവിധത്തിൽ ഉപദ്രവിച്ചതും.

ഒരിക്കൽ യുദ്ധഭൂമിയിൽ മുസ്‌ലിംകൾ വേദനിപ്പിക്കുന്ന ഒരു രംഗം കണ്ടു. ഒരു ഉമ്മ കരഞ്ഞുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. അവർ കുഞ്ഞേ എന്ന് ഉറക്കെ വിളിക്കുന്നുണ്ട്. അവർക്ക് അവരുടെ കുട്ടിയെ യുദ്ധക്കളത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു. ആ കുഞ്ഞിനെ തിരഞ്ഞുകൊണ്ടാണ് അവർ കരയുന്നതും ഓടുന്നതും. എവിടെയെങ്കിലും തന്റെ കുഞ്ഞുണ്ടോ എന്ന് നോക്കിയാണ് ചില ശാരീരിക പ്രയാസങ്ങളുണ്ടെങ്കിലും അതിനെ വകവെക്കാതെ അവർ ഓടുന്നത്. ശരീരം തളർന്നിട്ടും തളരാത്ത മനസ്സുമായി അവർ ഓട്ടം തുടരുന്നു. 'എന്റെ കുഞ്ഞ്' എന്ന ചിന്ത മാത്രമാണ് അവർക്കപ്പോൾ ഉള്ളത്. അത് കാണുന്ന ആർക്കും വിഷമം തോന്നും.

കുറച്ചു സമയം കഴിഞ്ഞപ്പോൾ അവർക്ക് അവരുടെ കുഞ്ഞിനെ കിട്ടി. അന്നേരം അവർക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയാത്തത്ര വലുതായിരുന്നു. ആ ഉമ്മ തന്റെ കുഞ്ഞിനെ തുരുതുരാ ചുംബിച്ചു. അവനെ വാരിയെടുത്തു മാറോടുചേർത്തു.

ഈ കാഴ്ച കണ്ട നബി(സ്വ) സ്വഹാബിമാരോടു ചോദിച്ചു: "ആ ഉമ്മ തന്റെ കുഞ്ഞിനെ തീയിലേക്ക് വലിച്ചെറിയും എന്ന് നിങ്ങൾ കരുതുന്നുണ്ടോ?"

സ്വഹാബിമാർ പറഞ്ഞു: "ഇല്ല പ്രവാചകരേ, ആ ഉമ്മ തന്റെ കുഞ്ഞിനെ ഒരിക്കലും തീയിലേക്ക് വലിച്ചെറിയില്ല."

അപ്പോൾ നബി(സ്വ) അവരെ പ്രധാനപ്പെട്ട ഒരു കാര്യം പഠിപ്പിച്ചു: "നിങ്ങൾ അറിയുക; ആ ഉമ്മാക്ക് തന്റെ കുഞ്ഞിനോടുള്ള കാരുണ്യത്തെക്കാൾ അല്ലാഹുവിന് തന്റെ അടിമകളോടുണ്ട്."

കൂട്ടുകാരേ, അല്ലാഹുവിന് നമ്മോടുള്ള കാരുണ്യം എത്രത്തോളം വിശാലമാണ് എന്ന് ഈ നബിവചനം നമ്മെ അറിയിക്കുന്നു. അങ്ങനെയുള്ള അല്ലാഹുവിന്റെ കാരുണ്യത്തിൽ നാം നിരാശപ്പെടാൻ പാടില്ല. അവന്റെ കൽപനകൾ അനുസരിച്ച്, അവനെ മാത്രം ആരാധിച്ച് ജീവിച്ചാൽ അവന്റെ അളവറ്റ കാരുണ്യം നമുക്ക് ലഭിക്കുമെന്നതിൽ സംശയമില്ല.

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
13 JANUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm